# Handbook for Bhashamrutham

## Std-5

RAINBOW PUBLISHERS PVT. LTD.
IX/14-15,Kakkanad-Pallikkara Road, Athani,
Kusumagiri P.O.,Kakkanad, Kochi-682 030.
Ph: 0484-2429261 ❋ 9072391869 ❋ 8594040422

## ഭാഷ

മനുഷ്യരുടെ ആന്തരികവും ബാഹ്യവും ആയ ജീവിതത്തിന്റെ പ്രധാന ഘടകമാണ് ഭാഷ. ആശയവിനിമയത്തിനുള്ള സ്വഭാവികമായ ഉപാധിയാണ് 'ഭാഷ' എന്നതിനപ്പുറം ജീവിതത്തിന്റെ സമസ്തതലങ്ങളുമായി അത് ബന്ധപ്പെട്ടിരിക്കുന്നു.

- ❖ വിദ്യഭ്യാസത്തിന്റെ അടിസ്ഥാനഘടകം ഭാഷയാണ്. അതിനനുസരണമായി ഭാഷാധ്യാപനത്തിന് വ്യക്തമായ ചില ലക്ഷ്യങ്ങളുണ്ട്. വിദ്യാഭ്യാസം കൊണ്ട് എന്താണോ ലക്ഷ്യമാക്കുന്നത് ആ ലക്ഷ്യം നേടാൻ പ്രയോജനപ്പെടുന്ന മാർഗ്ഗങ്ങൾ അധ്യാപന സമ്പ്രദായത്തിൽ സ്വീകരിക്കണം.
- ❖ ശബ്ദമാണ് ഭാഷയുടെ സ്വാഭാവികവും അടിസ്ഥാനപരവുമായ രൂപം. ഉച്ചരിക്കുന്ന ശബ്ദമായ 'വർണ്ണ'ത്തെ സൂചിപ്പിക്കുന്ന രേഖാസങ്കേതമാണ് ലിപി.
- ❖ മനുഷ്യൻ ഉച്ചരിക്കുന്ന ശബ്ദങ്ങളുടെ ലിഖിതസങ്കേതമാണ് അക്ഷരങ്ങൾ. അക്ഷരം എഴുതാൻ സ്വീകരിക്കുന്ന രേഖയാണ് ലിപി.
- ❖ അക്ഷരത്തിന്റെ ശരീരം ലിപിയും ആത്മാവ് ഉച്ചാരണവും ആകുന്നു.

## മാതൃഭാഷ

വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനശിലയാണ് മാതൃഭാഷ. മാതൃഭാഷയിൽ ശരിയായ അറിവ് ഉണ്ടാകാത്തിടത്തോളം വിദ്യാഭ്യാസം പൂർണ്ണമായി എന്നു കരുതാൻ സാധ്യമല്ല. ശിശുവിന് മാതാവിന്റെ മുലപ്പാൽ എങ്ങനെയാണോ അതുപോലെയാണ് വിദ്യാർത്ഥികൾക്ക് മാതൃഭാഷയെന്ന് മഹാകവി രവീന്ദ്രനാഥടാഗോർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം
ചുണ്ടിന്മേലമ്മിഞ്ഞപ്പാലോടൊപ്പം
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
സമ്മേളിച്ചീടുന്നതൊന്നാമതായ്?

മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ!
മർത്യനു പെറ്റമ്മ തൻഭാഷതാൻ.

മാതാവിൻ വാത്സല്യദുഗ്ദ്ധം നുകർന്നാലേ
പൈതങ്ങൾ പൂർണ്ണവളർച്ച നേടൂ.
അമ്മതാൻ തന്നേ പകർന്നു തരുമ്പോഴേ
നമ്മൾക്കമൃതുമമൃതായ് തോന്നൂ!



ഏതൊരു വേദവുമേതൊരു ശാസ്ത്രവു-
മേതൊരു കാവ്യവുമേതൊരാൾക്കും
ഹൃത്തിൽ പതിയേണമെങ്കിൽ സ്വഭാഷതൻ
വക്ത്രത്തിൽ നിന്നു താൻ കേൾക്കവേണം!

മാതൃഭാഷയുടെ മഹത്വം മഹാകവി വള്ളത്തോൾ ഉദ്ഘോഷിക്കുന്നു. ഇതിൽനിന്നും മൂന്നുകോടി ജനങ്ങൾ സംസാരിക്കുന്ന നമ്മുടെ മാതൃഭാഷ മലയാളത്തിന്റെ പ്രാധാന്യം, മഹിമ വ്യക്തമാക്കുന്നു. അതുകൊണ്ടുതന്നെ ഇതര വിഷയങ്ങളിൽ/ഭാഷകളിൽനിന്ന് വ്യത്യസ്തമായ സമീപനമാണ് ഭാഷാധ്യാപനത്തിൽ സ്വീകരിക്കേണ്ടത്.

ആശയവിനിമയോപാധി, സാഹിത്യമാധ്യമം എന്നീ നിലകളിൽ നിന്ന് ഭാഷാപ്രയോഗക്ഷമതയിൽ എത്തിച്ചേരുക എന്നതാണ് ഭാഷാധ്യാപനത്തിന്റെ ആത്യന്തികലക്ഷ്യം.

ശ്രവണം
ഭാഷണം
വായന
ലേഖനം
→ എന്നീ നൈപുണികൾ സ്വയത്തമാക്കുക ഭാഷയിൽ പ്രാവീണ്യം നേടുക.

- ❖ സാഹിത്യം ആസ്വദിക്കുക.
- ❖ സന്ദർഭാനുസരണം നൂതനപദങ്ങളുടെ പ്രയോഗം
- ❖ സ്വന്തമായ ഭാഷാശൈലി രൂപപ്പെടുത്തുക

## പ്രാഥമികതലം/പ്രൈമറിതലം

- ❖ വിദ്യാഭ്യാസത്തിലെ പ്രധാനഘട്ടമാണ് പ്രാഥമികഘട്ടം/പ്രൈമറിതലം.
- ❖ മാതാപിതാക്കൾ, കുടുംബാംഗങ്ങൾ, മറ്റുള്ളവർ സംസാരിക്കുന്നത് കേട്ടും അനുകരിച്ചും കുട്ടികൾ ഭാഷാപഠനം ആരംഭിക്കുന്നു.
- ❖ കുട്ടിയുടെ ആശയങ്ങളും ശബ്ദങ്ങളും പരിമിതമായിരിക്കുന്ന ഈ സാഹചര്യത്തിൽ, പ്രൈമറി വിദ്യാഭ്യാസത്തിൽ ഭാഷാപരമായ നല്ല ശീലങ്ങൾ വളർത്തേണ്ട ഉത്തരവാദിത്വം ഓരോ ഭാഷാധ്യാപകനും ഉണ്ട്.
- ❖ ഭാഷയുടെ ശരിയായ രൂപം കുട്ടികളിൽ ഉറപ്പിക്കണം.
- ❖ തെറ്റുകൂടാതെ സംസാരിക്കുവാനും വായിക്കാനും എഴുതാനും ഉള്ള കഴിവ് കുട്ടികൾക്ക് ഉണ്ടാകണം.

❖ സാഹിത്യാസ്വാദനത്തിനുള്ള പ്രാരംഭ പരിശീലനവും കുട്ടികൾ നേടണം.
❖ വ്യാകരണസംബന്ധമായ അടിസ്ഥാന അറിവുകൾ നേടാൻ ശ്രമിക്കണം.

## ഭാഷാധ്യാപനരീതികൾ – പ്രാഥമികതലം

❖ വസ്തുബോധ പഠനം ഭാഷാഭ്യസനത്തിൽ പ്രാധാന്യം അർഹിക്കുന്നു.
❖ അനുകരണം/ ആവർത്തനം പഠനത്തെ സഹായിക്കുന്നു.
❖ ചിത്രവായന, ചിത്രരചന എന്നിവയിൽനിന്ന് ആശയങ്ങൾ ഗ്രഹിക്കാനും പ്രകടിപ്പിക്കാനും കഴിയും.
❖ കളിരീതികളിലൂടെ പഠനം:
- കുട്ടികൾ കളി ഇഷ്ടപ്പെടുന്നു.
- അനുകരണം, ശേഖരണം, മാത്സര്യം എന്നിവ കളികളിൽ അന്തർഭവിച്ചിരിക്കുന്നു.
- സാമൂഹികമായ വളർച്ചയ്ക്കു കാരണമാകുന്നു.
- ബുദ്ധി വികസിക്കുന്നു.
- കായികവികാസത്തിന് കാരണമാകുന്നു.

❖ പ്രൈമറി ക്ലാസ്സിനു യോജിച്ച ചില കളികൾ:
1. അനേകം വസ്തുക്കൾ/ ആശയങ്ങൾ അടങ്ങിയ ഒരു ചിത്രം കുട്ടികളെ കാണിക്കണം.
   - ഒരേ അക്ഷരം വരുന്ന വസ്തുക്കൾ കണ്ടെത്തുക.
   - ആശയങ്ങൾ- കഥാരൂപത്തിലാക്കുവാൻ ആവശ്യപ്പെടുക.
   - പദാർത്ഥങ്ങളുടെ പേര് കണ്ടെത്തുക.
2. അക്ഷരങ്ങൾ കാർഡുരൂപത്തിലാക്കുക. കാർഡിലുള്ള അക്ഷരങ്ങൾ തിരിച്ചറിയാൻ കുട്ടികളോട് ആവശ്യപ്പെടുക.
- ബോർഡിൽ വാക്കുകൾ/ വാക്യം എഴുതുക. എഴുതിയ വാക്യം ഉറക്കെ വായിക്കുക. അല്പസമയം കഴിഞ്ഞ് ബോർഡിൽനിന്ന് വാക്കുകൾ നീക്കം ചെയ്യണം. ഇനി കുട്ടികളോട് അത് കണ്ടെത്താൻ പറയണം.
- വാക്യത്തിന്റെ ക്രമംതെറ്റി എഴുതുക. ക്രമത്തിലെഴുതുക.
- പദസൂര്യൻ/ അക്ഷരസൂര്യൻ... തുടങ്ങി നിരവധി മാതൃകകൾ കണ്ടെത്തുക.



കുട്ടികളെ പഠനത്തിൽ താൽപ്പര്യം ഉണർത്താൻ സഹായിക്കുക. സമഗ്രവും നിരന്തരവുമായ മൂല്യനിർണ്ണയത്തെ മുൻനിർത്തിയുള്ള പാഠ്യപദ്ധതിയിലൂടെ പഠിതാവിന്റെ പരിപൂർണ്ണമായ കഴിവ് വളർത്താൻ ഓരോ അധ്യാപികയ്ക്കും കഴിയട്ടെ.

## മലയാള അക്ഷരമാല

മലയാളഭാഷയിലെ അക്ഷരമാലയിൽ 15 സ്വരങ്ങളും 36 വ്യഞ്ജനങ്ങളും ചേർന്ന് 51 അക്ഷരങ്ങളാണ് ഉള്ളത്.

**സ്വരാക്ഷരങ്ങൾ** (vowels)

അ ആ ഇ ഈ ഉ ഊ ഋ എ ഏ ഐ
ഒ ഓ ഔ അം അഃ

**ഹ്രസ്വമായ ഉച്ചാരണം**: അ ഇ ഉ ഋ എ ഒ

**ദീർഘമായ ഉച്ചാരണം**: ആ ഈ ഊ ഏ ഓ ഐ ഔ

**വ്യഞ്ജനങ്ങൾ** (consonants)

| വർഗ്ഗം | ഖരം | അതിഖരം | മൃദു | ഘോഷം | അനുനാസികം |
|---|---|---|---|---|---|
| 'ക' വർഗ്ഗം | ക | ഖ | ഗ | ഘ | ങ |
| 'ച' വർഗ്ഗം | ച | ഛ | ജ | ഝ | ഞ |
| 'ട' വർഗ്ഗം | ട | ഠ | ഡ | ഢ | ണ |
| 'ത' വർഗ്ഗം | ത | ഥ | ദ | ധ | ന |
| 'പ' വർഗ്ഗം | പ | ഫ | ബ | ഭ | മ |

യ ര ല വ ള ഴ റ → മാധ്യമങ്ങൾ
ശ ഷ സ → ഊഷ്മാക്കൾ
ഹ → ഘോഷി

## പാഠം 1 നല്ല വാക്കോതുവാൻ ത്രാണിയുണ്ടാകണം

### പഠനലക്ഷ്യങ്ങൾ

* ഈണം കണ്ടെത്തി ചൊല്ലുന്നു.
* ആശയം മനസ്സിലാക്കുന്നു
* പൊരുൾ തിരിച്ചറിയുന്നു.
* പ്രാർത്ഥനാഗീതത്തിന്റെ മഹത്വം/പ്രാധാന്യം ഉൾക്കൊള്ളുന്നു.
* കവി കടമ്മനിട്ടയെ അറിയുന്നു.
* കവിയുടെ ബാല്യകാലസ്മരണകൾ കണ്ടെത്തുന്നു.
* കുട്ടിക്കാല അനുഭവങ്ങൾ/ചിന്തകൾ കണ്ടെത്തിയെഴുതുന്നു.

### ആമുഖം

* 'മഴ പെയ്യുന്നു മദ്ദളം കൊട്ടുന്നു' എന്ന കൃതിയിൽ നിന്നെടുത്ത പദ്യഭാഗമാണ് 'നല്ല വാക്കോതുവാൻ ത്രാണിയുണ്ടാകണം.' ആധുനിക മലയാളകവിതയെ ജനപ്രിയമാക്കിയ പ്രശസ്തകവിയാണ് കടമ്മനിട്ട രാമകൃഷ്ണൻ. അദ്ദേഹമാണ് ഈ കവിതയുടെ രചയിതാവ്. അദ്ദേഹം ഈ കൃതിയിൽ തന്റെ ബാല്യകാലത്തെപ്പറ്റി ഓർത്തെടുത്ത് വിവരിക്കുന്നു. 'നല്ല വാക്കോതുവാൻ ത്രാണിയുണ്ടാകണം. സത്യം പറയുവാൻ ശക്തിയുണ്ടാകണം.' എന്ന പ്രാർത്ഥന കവിയെ പഠിപ്പിച്ചത് കവിയുടെ അമ്മയാണ്. നല്ല വാക്കുകൾ പറയാൻ ശക്തിയുള്ളവരായി വേണം കുട്ടികൾ വളരാൻ എന്ന സന്ദേശവും ഈ പ്രാർത്ഥനാഗീതത്തിലുണ്ട്.

### പഠനാവതരണം

* 'നല്ല വാക്കോതുവാൻ ത്രാണിയുണ്ടാകണം. സത്യം പറയുവാൻ ശക്തിയുണ്ടാകണം.' ഈരടികൾ



ബോർഡിൽ/ചാർട്ടിലെഴുതി കുട്ടികൾക്ക് പരിചയപ്പെടുത്തുക.

* കുട്ടികൾ ഓരോരുത്തരും വരികളുടെ ആശയം കണ്ടെത്തിപറയട്ടെ.
* പ്രാർത്ഥനാഗീതത്തിന്റെ അനുഭവം കുട്ടികൾ പങ്കുവെയ്ക്കട്ടെ. തുടർന്ന് അധ്യാപിക കവിത ഈണത്തിൽ ചൊല്ലുകയും ആശയം കണ്ടെത്തി വിശദീകരിക്കുകയും വേണം. വരികളിൽ ഒളിഞ്ഞിരിക്കുന്ന സ്നേഹപൂർണമായ ഉപദേശവും കുട്ടികൾക്ക് പറഞ്ഞുകൊടുക്കണം. കവിത ആസ്വദിക്കുവാൻ തക്കവിധത്തിൽ അധ്യാപിക കുട്ടികളെ കവിതാപഠനലോകത്തിലേയ്ക്ക് നയിക്കണം.

### ആശയം

* ബാല്യകാലത്ത് അമ്മ ചൊല്ലി പഠിപ്പിച്ച പ്രാർത്ഥ കവി ഓർത്തെടുക്കുകയാണ്. അമ്മ മടിയിലിരുത്തി പഠിപ്പിച്ച പ്രാർത്ഥനയിലെ വരികൾ കുറെയെല്ലാം മറന്നുപോയെങ്കിലും രണ്ടുവരികൾ ഇപ്പോഴും കവിയുടെ മനസ്സിൽ ഓർമ്മയായി നിലനിൽക്കുന്നു. ആ ഈരടികളാണ് 'നല്ല വാക്കോതുവാൻ ത്രാണിയുണ്ടാകണം. സത്യം പറയുവാൻ ശക്തിയുണ്ടാകണം.'
* നല്ല വാക്കുകൾ കൃത്യമായി പറയാൻ കഴിഞ്ഞില്ല. (കൊഞ്ഞയായി ഉച്ചരിച്ചു.) കുട്ടിയുടെ കുസൃതിയും, തെറ്റായി വാക്കുകൾ പറഞ്ഞതിലും കവിയ്ക്ക് ലഭിച്ച തല്ലുകൾ ഓർക്കുകയാണ്. തല്ലുകൊണ്ടു വളർന്ന കവിയ്ക്ക് അമ്മയുടെ/നന്മയുടെ തലോടൽ ഉടൻ അനുഭവിക്കാനുള്ള ഭാഗ്യവും ഉണ്ടായിട്ടുണ്ട്. സന്ധ്യാസമയത്ത് നെയ്‌വിളക്കിൽ തിരികൾ തെളിഞ്ഞതും, അമ്മ,

അമ്മിഞ്ഞ, അച്ഛൻ എന്നൊക്കെ വിളിച്ചതും കവി ഓർക്കുന്നു. സന്ധ്യാവിളക്കിനു സമീപം ശാന്തതയുടെ നന്മയുടെ, സ്നേഹത്തിന്റെ, സമാധാനത്തിന്റെ സുഗന്ധം പരത്തുന്ന ചന്ദനത്തിരികൾ സ്നേഹസാമീ ഹ്യമരുളുന്ന ചിത്രം കവിതയിൽ അനുഭവപ്പെടുന്നു.

ബാല്യകാലത്ത് അമ്മ പഠിപ്പിച്ച പ്രാർത്ഥനയിൽ കവി ലോകത്തിൽ നന്മയും സ്നേഹവും കണ്ടെത്താൻ ശ്രമിക്കുന്നു.

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

**അർത്ഥം**:

- ത്രാണി = ശക്തി, കഴിവ്
- കൂമ്പുക = അടയുക, ചുരുങ്ങുക
- ഉയിര് = ജീവൻ
- ഓതുക = പറയുക
- ഈരടി = പാട്ടിലെ രണ്ടു വരികൾ
- കൊഞ്ചം = അവ്യക്തമായ ഉച്ചാരണം

**പിരിച്ചെഴുതുക**:

- നല്ലുമ്മ → നല്ല + ഉമ്മ
- എല്ലാമെത്ര → എല്ലാം + എത്ര
- അമ്മയെന്നെ → അമ്മ + എന്നെ

**ചേർത്തെഴുതുക**:

- വാക്കാകുന്നു
- ത്രാണിയുണ്ടാകണം
- ചന്ദനത്തിരി

**വിപരീതമെഴുതുക**:

- സ്നേഹം X ദ്വേഷം/വെറുപ്പ്
- ശാന്തം X അശാന്തം/ഉഗ്രം



**ഔചിത്യഭംഗി കണ്ടെത്താം**:

ബാല്യകാലത്ത് അമ്മ മടിയിലിരുത്തി പഠിപ്പിച്ച പ്രാർത്ഥനഗീതത്തെപ്പറ്റി കവി ഇന്ന് ഓർക്കുകയാണ്. സന്ധ്യയ്ക്കു കൊളുത്തുന്ന നെയ്‌വിളക്കിന്റെയും ചന്ദനത്തിരിയുടെയും സുഗന്ധമാണ് കവിയുടെ മനസ്സിൽ നിറഞ്ഞു വരുന്നത്. സാധാരണ നമ്മുടെ ഗൃഹങ്ങളിൽ സന്ധ്യാസമയത്താണല്ലോ പ്രാർത്ഥന ചൊല്ലുന്നത്. പ്രാർത്ഥനാസമയത്ത് കത്തിക്കുന്ന ചന്ദനത്തിരിയുടെ സുഗന്ധം സന്ധ്യാസമയം സ്നേഹപൂർണമായ അനുഭവമാക്കുന്ന കവിയുടെ വർണന ഔചിത്യപൂർണമാണ്.

**വരികൾ കണ്ടെത്താം**:

ആമുഖവും, ആശയവും, ചോദ്യോത്തരങ്ങളും നോക്കുക.

**ഉത്തരങ്ങൾ**:

1. 'നല്ല വാക്കോതുവാൻ ത്രാണിയുണ്ടാകണം.
   സത്യം പറയുവാൻ ശക്തിയുണ്ടാകണം.'
2. നല്ല വാക്കുകൾ ഉച്ചരിക്കാൻ/സത്യം പറയുവാൻ ശക്തിയുള്ളവരായി വേണം കുട്ടികൾ വളർന്നു വരാൻ. മാതാപിതാക്കളും ഗുരുക്കൻമാരും ആണ് കുട്ടികളെ നേരായ വഴിക്ക് നയിക്കേണ്ടത്. കുസൃതികളായ കുട്ടികൾ ചിലപ്പോൾ നല്ല വാക്കുകൾ തെറ്റായി ഉച്ചരിക്കുന്നു. അതിന് മുതിർന്നവരുടെ കൈയിൽനിന്ന് തല്ലുവാങ്ങുന്നു. തുടർന്ന് അവർ കുട്ടികളെ തലോടി ആശ്വസിപ്പിക്കും. ഈ സ്നേഹത്തലോടൽ കുഞ്ഞുങ്ങളെ നേർവഴിക്കു നയിക്കുന്നു.
3. അമ്മ, അമ്മിഞ്ഞ, അച്ഛൻ.
4. കവി : കടമ്മനിട്ട രാമകൃഷ്ണൻ
   കൃതി : മഴ പെയ്യുന്നു മദ്ദളം കൊട്ടുന്നു.

❊ **പ്രാർത്ഥനാഗീതങ്ങൾ**:

കുട്ടികൾ ശേഖരിക്കട്ടെ.

❊ **ഓർത്തെടുക്കാം; എഴുതാം**:

എന്റെ ബാല്യകാലാനുഭവം: കവിയുടെ ബാല്യകാലം കുട്ടികൾ പരിചയപ്പെട്ടല്ലോ... അവർക്കും പറയാനുണ്ടാകും നിരവധി മനോഹരമായ അനുഭവങ്ങൾ. അവർക്കറിയാവുന്ന വിധത്തിൽ അവർ കണ്ടെത്തിയെഴുതട്ടെ. അനുഭവക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കാം. നല്ല കുറിപ്പിന് പ്രോത്സാഹനം നൽകണം.

## അഭ്യാസപുസ്തകം

❊ **ഒറ്റവാക്കിൽ ഉത്തരം എഴുതുക.**

- കടമ്മനിട്ട രാമകൃഷ്ണൻ
- ത്രാണി
- അമ്മ
- നെയ്‌വിളക്കിൽ

❊ **പദംപിരിക്കാം**:

- അമ്മ / എന്നെ / മടി / ഇൽ / ഇരുത്തി
  നല്ല / ഉമ്മ / തന്നു / പഠിപ്പിച്ച / പ്രാർത്ഥന
- ഏറെ / എല്ലാം / മറന്നു / പോയി / എങ്കിലും

## പാഠം 2 സഹപാഠി

### പഠനലക്ഷ്യങ്ങൾ

❊ പുരാണകഥകൾ/ഐതിഹ്യകഥകൾ അറിയുന്നു.

❊ കഥാപാത്രങ്ങളെ കണ്ടെത്തുന്നു.

❊ കഥാഭാഗം ചുരുക്കി പ്രതിപാദിക്കുന്നു/സംഗ്രഹം തയ്യാറാക്കുന്നു.

❊ കഥയെ വിവിധ ആശയപ്രകടനമാർഗ്ഗങ്ങളുടെ



സഹായത്താൽ മാറ്റുന്നു. (ഉദാ: കഥയെ നാടകമാക്കൽ)

❊ യഥാർത്ഥ സൗഹൃദത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു.

❊ ശീർഷകം മാറ്റുന്നു/ഔചിത്യം പരിശോധിക്കുന്നു.

❊ കഥാകാരിയെ പരിചയപ്പെടുന്നു.

❊ വായനാശീലം വളരുന്നു.

### ആമുഖം

❊ മലയാളത്തിലെ പ്രശസ്ത ബാലസാഹിത്യകാരി സുമംഗല രചിച്ച കഥയാണ് സഹപാഠി. 'കഥ കേട്ടുറങ്ങാം' എന്ന കൃതിയിലേതാണ് ഈ കഥ. ഭാര്യയുടെ അഭിപ്രായം സ്വീകരിച്ച് സതീർത്ഥ്യനായ ശ്രീകൃഷ്ണനെ കാണാൻ ദ്വാരകയിലേക്ക് പുറപ്പെടുന്ന കുചേലന്റെ കഥയാണ്. ഗുരുകുലത്തിൽനിന്നും പിരിഞ്ഞതിൽ പിന്നെ ആദ്യമായിട്ടാണ് കുചേലൻ ശ്രീകൃഷ്ണനെ ദർശിക്കാൻ പോകുന്നത്.

### പഠനാവതരണം

❊ *മാതൃക 1* : പാഠഭാഗം/കഥാഭാഗം മൗനവായന നടത്താൻ കുട്ടികളോട് അധ്യാപിക നിർദ്ദേശിക്കാം. തുടർന്നു വായിച്ചു മനസ്സിലാക്കിയ സൂചനകൾ കുട്ടികളിൽനിന്ന് ശേഖരിക്കുക. ബ്ലാക്ക് ബോർഡിൽ എഴുതുക. തുടർന്ന് കഥയിലേക്ക് കടക്കുക. അധ്യാപിക വേണ്ട നിർദ്ദേശങ്ങൾ മാത്രം നൽകുക. കുട്ടികൾ സ്വയം വായിച്ചു മനസ്സിലാക്കട്ടെ. അധ്യാപിക സഹായിയായി നിലകൊള്ളുക.

❊ *മാതൃക 2* : അധ്യാപിക ക്ലാസ്സിലെ കുട്ടികളെ 4 ഗ്രൂപ്പുകളായി തിരിക്കുക. കഥാഭാഗം വായിക്കാൻ നിർദ്ദേശിക്കുക. തുടർന്ന് ഓരോ ഗ്രൂപ്പിലെ പ്രധാന അംഗങ്ങൾ ഓരോ കഥാപാത്രമായി മാറുകയും കഥ നാടകരൂപത്തിൽ അവതരിപ്പിക്കാൻ കുട്ടികളെ സഹായിക്കുകയും ചെയ്യുക.

⁕ *മാതൃക 3* : അധ്യാപിക കുട്ടികളോട്, അവർക്ക് ഏറെ പ്രിയപ്പെട്ട സുഹൃത്തിനെക്കുറിച്ചെഴുതാൻ/പറയാൻ ആവശ്യപ്പെടുക. അതിനുള്ള കാരണം കണ്ടെത്തുക. തുടർന്ന് ചില സൂചനകൾ നൽകുക.

- ദാരിദ്രാവസ്ഥയ്ക്കു പരിഹാരം കാണാൻ നീണ്ട കാലങ്ങൾക്കുശേഷം സുഹൃത്തിനെ കാണാൻ പുറപ്പെടുന്ന രംഗം.
- ത്രിഭുവനവും അടക്കി വാഴുന്ന മഹാപ്രഭുവാണ് സുഹൃത്ത്.
- ഗുരുകുലം (സാന്ദീപനി മഹർഷിയുടെ) വിദ്യാഭ്യാസ കാലത്തിനുശേഷമുള്ള കൂടികാഴ്ച.

ഈ സൂചനകളിൽനിന്ന് ആ സുഹൃത്തുക്കളെ സഹപാഠികളെ/കണ്ടെത്താൻ നിർദ്ദേശിക്കാം. തുടർന്ന് പാഠഭാഗത്തേക്ക് കടക്കണം.

## ആശയം

⁕ കഥ വായിക്കുക.

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

⁕ **അർത്ഥം**:

- സതീർത്ഥ്യൻ = സഹപാഠി
- ഉപഹാരം = സമ്മാനം
- പുരി = പട്ടണം
- സാധു = പാവം, സന്യാസി
- മാളിക = കൊട്ടാരം
- പത്നി = ഭാര്യ
- സുചരിതൻ = നല്ല നടത്തമുള്ളവൻ



⁕ **സമാനപദങ്ങൾ**:

- കൃതജ്ഞത = നന്ദി
- ആഹാരം = ഭക്ഷണം
- ഹാരം = പൂമാല
- ദിവസം = ദിനം
- വഴക്ക് = ശകാരം
- ചേല = വസ്ത്രം
- സങ്കടം = ദുഃഖം
- ഭാര്യ = പത്നി

⁕ **അർത്ഥവ്യത്യാസം കണ്ടെത്താം**:

- ഉപഹാരം = സമ്മാനം, കാഴ്ചദ്രവ്യം
  ഉപകാരം = പ്രയോജനം, നന്മ
- ദിനം = ദിവസം
  ദീനം = രോഗം
- ശരീരം = ദേഹം
  ശാരീരം = ശബ്ദം
- പതി = ഭർത്താവ്
  പത്നി = ഭാര്യ

⁕ **വരികളുടെ ആശയം കണ്ടെത്തി എഴുതാം**:

രാമപുരത്തുവാര്യരുടെ കുചേലവൃത്തം 'വഞ്ചിപ്പാട്ട്' എന്ന കൃതിയിലെ വരികളാണ്. കുചേലവൃത്തം വഞ്ചിപ്പാട്ട് എന്ന ഒറ്റ ലഘുകാവ്യത്തിലൂടെ മലയാളസാഹിത്യലോകത്ത് ചിരപ്രതിഷ്ഠ നേടിയ കവിയാണ് രാമപുരത്തുവാര്യർ. 18-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അദ്ദേഹത്തിന്റെ ജന്മസ്ഥലം കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിലെ രാമപുരത്താണ്.

⁕ **സംഭാഷണം തയ്യാറാക്കുക**:

- സാക്ഷാൽ സംഭാഷണം (Direct Speech): ഞാൻ, നീ എന്നീ സർവനാമങ്ങളുപയോഗിച്ച് നേരെ പറയുന്ന സംഭാഷണരൂപം അഭികഥനം അഥവാ സാക്ഷാൽ സംഭാഷണം. സാക്ഷാൽ സംഭാഷണത്തിലെ ഭാഷ സ്വാഭാവികമായിരിക്കും.

*മാതൃക:*

പത്നി: നമ്മൾ എത്ര കഷ്ടപ്പെട്ടിട്ടാണ് കഴിഞ്ഞു കൂടുന്നത്?

സുദാമൻ: ഉം...

പത്നി: സദാ ഈശ്വരവിചാരത്തിൽ മുഴുകിയിരിക്കുന്ന അങ്ങ് വല്ലതും അറിയുന്നുണ്ടോ?

സുദാമൻ: ഞാൻ എന്താണ് വേണ്ടത്?

പത്നി: ദ്വാരകാധിപതി ശ്രീകൃഷ്ണൻ അങ്ങയുടെ സതീർത്ഥ്യനല്ലേ?

സുദാമൻ: എന്റെ സഹപാഠിയാണ് ഭഗവാൻ ശ്രീകൃഷ്ണൻ...

പത്നി: അങ്ങേയ്ക്ക് കൃഷ്ണനെ കണ്ട് നമ്മുടെ ദാരിദ്ര്യദുഃഖം നീക്കിത്തരാൻ പറയാമല്ലോ...?

※ **പര്യായപദങ്ങൾ:**

- ബ്രാഹ്മണൻ → അന്തണൻ, വിപ്രൻ
- പുരി → പത്തനം, പട്ടണം
- സങ്കടം → ദുഃഖം, വ്യഥാ
- വിശപ്പ് → പശി, ക്ഷുത്ത്
- ദരിദ്രൻ → നിസ്വൻ,അകിഞ്ചനൻ
- വഴി → സരണി, പാത
- മാളിക → സൗധം, ഹർമ്മ്യം
- ദിനം → ദിവസം, വാസരം
- രാജാവ് → മന്നൻ, അരചൻ

※ **മാതൃകപോലെ എഴുതുക:**

- ഓടുന്നു → ഓടിക്കുന്നു
- ചാടുന്നു → ചാടിക്കുന്നു



- ഉറങ്ങുന്നു → ഉറക്കുന്നു
- ഇരിക്കുന്നു → ഇരുത്തുന്നു

※ **ഉത്തരങ്ങൾ:**

1. മഥുരാപുരിയുടെ അടുത്തുള്ള ഒരു ഗ്രാമത്തിൽ 'സുദാമൻ' എന്നൊരു ബ്രാഹ്മണനുണ്ടായിരുന്നു. അദ്ദേഹം പണ്ഡിതനും സുചരിതനുമായിരുന്നു. എങ്കിലും അതിദരിദ്രനുമായിരുന്നു.
2. സുദാമൻ തന്റെ പത്നിയുടെ നിർബന്ധം നിമിത്തം ശ്രീകൃഷ്ണനെ കാണാൻ പോകുന്നതിന് സമ്മതിച്ചു.
3. സുദാമന്റെ പത്നി അയൽവീടുകളിൽ കയറി യാചിച്ചു ലഭിച്ച കല്ലും നെല്ലും നിറഞ്ഞ കുറച്ച് അവിൽ ഒരു കീറശ്ശീലയിൽ പൊതിഞ്ഞു കെട്ടി. ഈ ഉപഹാരമാണ് തയ്യാറാക്കിയത്.
4. ശ്രീകൃഷ്ണൻ സഹപാഠിയായ സുദാമനെ കെട്ടിപ്പിടിച്ച് അകത്തേയ്ക്ക് കൊണ്ടുവന്ന് സിംഹാസനത്തിലിരുത്തി. കാലുകൾ കഴുകിച്ചു. താനുടുത്തിരുന്ന മഞ്ഞപ്പട്ടുകൊണ്ട് തുടച്ച് ദേഹത്തിൽ ചന്ദനം പൂശിച്ച് പൂമാലയണിയിച്ചു. ഇപ്രകാരമാണ് സഹപാഠിയെ സ്വീകരിച്ചത്.

※ **കഥ കണ്ടെത്താം:**

ശ്രീകൃഷ്ണനുമായി ബന്ധപ്പെട്ട കഥകൾ കുട്ടികൾ കണ്ടെത്തട്ടെ.

*മാതൃക:*
- പൂതനാമോക്ഷം
- കൃഷ്ണന്റെ വായിൽ സർവ്വലോകങ്ങളും കണ്ടത്.
- ബകവധം
- കാളിയമർദ്ദനം

## അഭ്യാസപുസ്തകം

* **ശരിയായ അക്ഷരം ചേർക്കുക:**
  - ദ്വാരകാധിപതി
  - സുചരിതൻ
  - ഉപഹാരം
  - സതീർത്ഥ്യൻ
* **ഒറ്റവാക്കിൽ ഉത്തരം എഴുതുക:**
  - സാന്ദീപനി മഹർഷി
  - ശ്രീകൃഷ്ണൻ
  - ദരിദ്രൻ/മുഷിഞ്ഞ വസ്ത്രം ധരിച്ചവൻ
  - കുചേലൻ

## പാഠം 3 **നമ്മുടെ നാട് കേരളം**

### പഠനലക്ഷ്യങ്ങൾ

* കവിത - ഈണവും താളവും കണ്ടെത്തുന്നു.
* ഒറ്റയ്ക്കും സംഘമായും കവിത ചൊല്ലുന്നു.
* ആശയം/ലഘുവിവരണം തയ്യാറാക്കുന്നു.
* കേരളത്തിന്റെ സംസ്കാരവും മതേതരത്വവും തിരിച്ചറിയുന്നു.
* നൂതനപദങ്ങൾ - അർത്ഥം കണ്ടെത്തി പഠിക്കുന്നു.
* വരികൾ കണ്ടെത്തി ആസ്വദിക്കുന്നു.
* ശീർഷകം/തലക്കെട്ട് - ഔചിത്യം പരിശോധിക്കുന്നു.
* കവിപരിചയം - പാലാ നാരായണൻനായർ
* കവിത - രചന നടത്തുന്നു.

### ആമുഖം

* കേരളത്തിന്റെ സംസ്കാരിക സമന്വയവും മതമൈത്രിയും വളരെ മനോഹരമായി വർണ്ണിച്ചിരിക്കുന്ന കവിതയാണ് 'കേരളം വളരുന്നു.' കേരളത്തിലെ ഏകോദര സഹോദരസ്നേഹത്തെപ്പറ്റി പാടിയത് മലയാളത്തിന്റെ പ്രിയകവി പാലാ നാരായണൻനായർ ആണ്. ഈ കൃതിയിലെ വളരെ പ്രധാനപ്പെട്ട കവിതയാണ് 'കേരളം വളരുന്നു' എന്ന പാഠഭാഗം.



### പഠനാവതരണം

*മാതൃക 1 :*

* കേരളത്തിന്റെ ഭൂപടം കുട്ടികൾക്കു പരിചയപ്പെടുത്തുക. കുട്ടികൾ അവരുടെ മനസ്സിലെ ആശയങ്ങൾ പറയട്ടെ/എഴുതട്ടെ.
* കേരളത്തിന്റെ പ്രത്യേകതകൾ കുട്ടികൾ കണ്ടെത്തി പറയാൻ നിർദ്ദേശിക്കാം.

  *മാതൃക:*
  - പ്രകൃതിഭംഗി
  - കാർഷികവിള/സംസ്കാരം
  - ഭാഷ/മാതൃഭാഷ
  - മതേതരത്വം
  - ഓണം - ദേശീയോൽസവം
* കുട്ടികളുമായുള്ള ചർച്ചയ്ക്കുശേഷം പാഠത്തിലേക്ക് കവിതയിലേക്ക് കടക്കാം.

*മാതൃക 2 :*

* തെങ്ങിൻതോപ്പ്, കഥകളി, വള്ളംകളി തുടങ്ങിയവയുടെ ചിത്രം/പോസ്റ്റർ കുട്ടികളെ കാണിക്കുക.
* ഇവ കാണുമ്പോൾ മനസ്സിൽ വരുന്ന 'നാട്' ഏതാണെന്നു ചോദിക്കാം. എന്തുകൊണ്ട്?

  ഈ ചോദ്യങ്ങളുടെ ഉത്തരങ്ങളിലൂടെ കവിതയിലേക്കും അധ്യാപികയ്ക്ക് കടക്കാവുന്നതാണ്.

*മാതൃക 3 :*

※ മൗനവായനയ്ക്കു നിർദ്ദേശിക്കാം.

※ താളം കണ്ടെത്താൻ പറയാം.

※ ഈണത്തിൽ ചൊല്ലാൻ കുട്ടികൾ ശ്രമിക്കട്ടെ.

※ ആശയം സ്വയം കണ്ടെത്തി പറയട്ടെ.

※ തുടർന്നു അധ്യാപിക സഹായിക്കട്ടെ.

### ആശയം

※ കേരളം കാഴ്ചയിൽ (ഭൂവിസ്തൃതിയിൽ) ചെറുതാണെങ്കിലും ചെറുതല്ല എന്നാണ് കവിയുടെ അഭിപ്രായം. ഭിന്നമായ മതങ്ങളിവിടെ ഒരുപോലെ പുലരുന്ന താവളം/കേന്ദ്രമാണ്. കലാപരവും, സംസ്കാരപരവുമായ സേവാദളം ആണ് കേരളം. കേരവും, മന്ദാരവും, പൂഗവും പുന്നാഗവും ചുവടൊപ്പിച്ചു നിൽക്കുന്ന മലനാടായ കേരളത്തിൽ നൂറ്റാണ്ടുകളായി ഹിന്ദുവും ക്രിസ്ത്യനും മുസ്ലീമും യഹൂദനും ഒത്തൊരുമയോടെ ഐക്യത്തോടെ പുലരുന്നു. അവരുടെ സഹോദരതുല്യമായ സ്നേഹം പൊൻപൂക്കളായി വിടർന്ന് ഇവിടെ സുഗന്ധം പൊഴിക്കുന്നു. തെച്ചിയും, ചെമ്പരത്തിയും, ചേമന്തിയും, പിച്ചകവും തുടങ്ങി അനവധി പൂക്കൾ നിറഞ്ഞ മന്ദിരാങ്കണം പോലെയാണ് കേരളഭൂമിയെന്ന് കവി വർണ്ണിക്കുന്നു. ചുരുക്കത്തിൽ വ്യത്യസ്തമായ പ്രകൃതിഭംഗിയും കേരളത്തിലെ മതേതരത്വമാണ് കവി ചൂണ്ടി കാട്ടുന്നത്.

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

※ **അർത്ഥം**:

- പുന്നാഗം = പുന്നമരം
- അങ്കണം = മുറ്റം
- കേരം = തെങ്ങ്
- ചെണ്ട് = കുല, കൂട്ടം



※ **സമാനപദങ്ങൾ/പര്യാപദങ്ങൾ**:

- മന്ദിരം = ഭവനം, ആലയം, ഗൃഹം
- കേരം = കല്പവൃക്ഷം, നാളവതി, തെങ്ങ്
- ദളം = ഇല, ദലം, പത്രം
- അബ്ദം = വർഷം, ആണ്ട്, കൊല്ലം

※ **പിരിച്ചെഴുതുക**:

- പിച്ചക + ചെണ്ട്
- ചെറുത് + അല്ല

※ **ചേർത്തെഴുതുക**:

- ശതാബ്ദം
- നിൽക്കുമീ

※ **വിപരീതം**:

- സ്നേഹം X ദ്വേഷം/വെറുപ്പ്
- ഭിന്നം X അഭിന്നം
- സുഗന്ധം X ദുർഗന്ധം
- ചെറുത് X വലുത്

※ **യോജിച്ച പദം/പ്രത്യേകത കണ്ടെത്തുക**:

- വെറുപ്പ്
- ദുർഗന്ധം
- വിപരീതപദങ്ങൾ

※ **വരികൾ കണ്ടെത്തുക**:

- ആശയം മനസ്സിലാക്കുക, പാഠഭാഗം നോക്കുക.

※ **ചോദ്യോത്തരങ്ങൾ കണ്ടെത്തുക**:

*മാതൃക:* • മലനാട്ടിൽ ചുവടൊത്തു നിൽക്കുന്നതെന്ത്?

*ഉത്തരം:* കേരം, മന്ദാരം, പൂഗം, പുന്നാഗം

*മാതൃക:* • മന്ദിരാങ്കണത്തെ കവി എങ്ങനെ വിശേഷിപ്പിച്ചിരിക്കുന്നു?

*ഉത്തരം:* തെച്ചിയും ചേമന്തിയും ചെമ്പരത്തിയും ചാരെ പിച്ചകച്ചെണ്ടും ചേർന്ന മന്ദിരാങ്കണം.

*മാതൃക:* • 'ഒന്നുപോൽ പുലരുന്നിതെത്രയോ ശതാബ്ദ മായ്' ഇവിടെ സൂചിപ്പിക്കുന്നതെന്ത്?

*ഉത്തരം:* മതേതരത്വം. ഹിന്ദുവും മുസൽമാനും ക്രിസ്ത്യനും യഹൂദനും ഒന്നുപോലെ പുലരുന്നു.

*മാതൃക:* • കേരളം താവളമാകുന്നത് എന്തിന്?

*ഉത്തരം:* ഭിന്നമാം മതങ്ങൾക്ക്.

*മാതൃക:* • ഈ കവിത എഴുതിയതാര്? കൃതിയേത്?

*ഉത്തരം:* കവി: പാലാ നാരായണൻനായർ

കൃതി: കേരളം വളരുന്നു.

✳ **പോസ്റ്റർ തയ്യാറാക്കാം:**

സൂചനകൾ നൽകുക. കുട്ടികൾ അവരുടെ ഭാവന യ്ക്കനുസരിച്ച് പോസ്റ്റർ തയ്യാറാക്കട്ടെ.

- മതമേതായാലും മനുഷ്യൻ നന്നായാൽ മതി.
- മതങ്ങൾ പലത് ജനത ഒന്ന്.
- മതങ്ങളെ മറക്കാം... ഒത്തൊരുമിക്കാം.

✳ **പ്രസംഗം/ഉപന്യാസം:**

(സൂചനകളുടെ സഹായത്തോടെ കുട്ടികൾ പ്രസംഗം/ ഉപന്യാസം തയ്യാറാക്കുക.)

- ബഹുമാന്യരായ ഗുരുജനങ്ങളെ, പ്രിയപ്പെട്ട സഹ പാഠികളെ,
- കേരളം ദൈവത്തിന്റെ സ്വന്തം നാട്.
- ജാതിമതഭേദമില്ലാത്ത പ്രകൃതിസുന്ദരമായ മലനാട്.
- സർവജനതയും ഒരുപോലെ ആഘോഷിക്കുന്ന ഓണം.
- എല്ലാ മതങ്ങൾക്കും ഒരുപോലെ സ്ഥാനം.
- സമത്വസുന്ദരമായ മതമൈത്രിയുടെ കേന്ദ്രം.



- ശ്രീനാരായണഗുരുവിന്റെ തത്വങ്ങൾ നിലനിൽക്കുന്ന നാട്.

✳ **ഗാനം ശേഖരിക്കാം:**

- ജയ ജയ കോമള കേരളധരണീ,
  ജയ ജയ മാമക പൂജിത ജനനീ,
  ജയ ജയ പാവന ഭാരത ഹരിണീ,
  ജയ ജയ ധർമ്മ സമന്വയ രമണീ.
  ബോധേശ്വരൻ
- മാമലകൾക്കപ്പുറത്ത് മരതകപ്പട്ടുടുത്ത്
  മലയാളമെന്നൊരു നാടുണ്ട്- കൊച്ചു
  മലയാളമെന്നൊരു നാടുണ്ട്.
  വയലാർ
- കേരം തിങ്ങും കേരളനാടേ
  കോമള വർണ്ണ മനോഹരി നീ
  കാടും മേടും പൂത്തു തുടിക്കും
  കാലം നീയൊരു നവവധുപോൽ.
  സുകുമാരൻ പൊറ്റക്കാട്ട്
- നാളികേരത്തിന്റെ നാട്ടിലെനിക്കൊരു
  നാഴിയിടങ്ങഴി മണ്ണുണ്ട്.
  വയലാർ

## പാഠം 4 അഗ്നിച്ചിറകുകൾ സമ്മാനിച്ച മഹാൻ

**പഠനലക്ഷ്യങ്ങൾ**

✳ ആത്മകഥ/ജീവചരിത്രം അറിയുന്നു.

✳ ലഘുകുറിപ്പുകൾ തയ്യാറാക്കുന്നു.

✳ അബ്ദുൾ കലാം-വ്യക്തിസൂചനകൾ പഠിയ്ക്കുന്നു.

✳ കലാമിന്റെ സംഭാവനകൾ കണ്ടെത്തുന്നു.

✳ വിവരണം തയ്യാറാക്കുന്നു.

⁕ അഭിമുഖസംഭാഷണം - ചോദ്യാവലി തയ്യാറാക്കൽ.

⁕ ആത്മകഥ തയ്യാറാക്കുന്നു.

### ആമുഖം

⁕ ഭാരതത്തിന്റെ യശസ്സ് ലോകത്തിനു മുൻപിൽ എത്തിച്ച മഹാനാണ് എ.പി.ജെ. അബ്ദുൾ കലാം. മുൻ ഇന്ത്യൻ രാഷ്ട്രപതി, അധ്യാപകൻ, തമിഴ് ഭാഷാ പണ്ഡിതൻ, കവി, പ്രതിരോധശാസ്ത്രജ്ഞൻ തുടങ്ങി വിവിധ മേഖലയിൽ പ്രശസ്തനായ കലാമിന്റെ ലഘു ജീവചരിത്രക്കുറിപ്പാണ് 'അഗ്നിച്ചിറകുകൾ സമ്മാനിച്ച മഹാൻ' എന്ന പാഠഭാഗം. 'അഗ്നിച്ചിറകുകൾ' അദ്ദേഹത്തിന്റെ ആത്മകഥയാണ്.

### പഠനാവതരണം

*മാതൃക 1:* ⁕ അബ്ദുൾ കലാമിന്റെ ചിത്രം കുട്ടികൾക്കു പരിചയപ്പെടുത്തുക.

⁕ ചിത്രം തിരിച്ചറിയുന്ന കുട്ടികൾ അവർക്കറിയാവുന്ന സൂചനകൾ/വിവരങ്ങൾ/വസ്തുതകൾ പറയട്ടെ.

⁕ കുട്ടികൾ കണ്ടെത്തിയവ അധ്യാപിക ബോർഡിലെഴുതണം. തുടർന്ന് പാഠഭാഗത്തേയ്ക്ക് കടക്കാം.

*മാതൃക 2:* ⁕ ക്ലാസ്സിലെ ഒരു കുട്ടിയോട് അവനെ സ്വയം പരിചയപ്പെടുത്താൻ അധ്യാപികയ്ക്ക് നിർദ്ദേശിക്കാം.

ഉദാ: 'ഞാൻ അഞ്ചാം ക്ലാസ്സിൽ പഠിയ്ക്കുന്നു. എന്റെ പേര് വിഷ്ണു.'

തുടർന്ന് മറ്റൊരു കുട്ടിയോട് വിഷ്ണു എങ്ങനെയാണ് പരിചയപ്പെടുത്തിയത് എന്ന് ചോദിക്കാം.



അവന്റെ മറുപടി: ഉദാ: വിഷ്ണു എന്നാണ് തന്റെ പേരെന്നും അവൻ അഞ്ചാംക്ലാസ്സിൽ പഠിക്കുന്നു എന്നും പറയുന്നു.

ഇങ്ങനെ ഇവർ രണ്ടുപേരും പരിചയപ്പെടുത്തിയതിനുശേഷം ഇവ തമ്മിലുള്ള വ്യത്യാസങ്ങൾ കണ്ടെത്താൻ കുട്ടികളോട് ആവശ്യപ്പെടാം.

- ഒരാൾ സ്വയം പരിചയപ്പെടുത്തുന്നു. അഥവാ സ്വന്തം കാര്യം പറയുന്നു.
- മറ്റൊരാളുടെ കാര്യം പറയുന്നു.

ഇങ്ങനെ കണ്ടെത്തുന്ന വസ്തുതയിൽനിന്ന് ആത്മകഥ, ജീവചരിത്രം തമ്മിലുള്ള വ്യത്യാസവും, എങ്ങനെ ഇവ തയ്യാറാക്കാമെന്നും കുട്ടികൾ മനസ്സിലാക്കുന്നു. തുടർന്ന് ഭാരതം കണ്ട മികച്ച ശാസ്ത്രജ്ഞൻ, അധ്യാപകൻ, രാഷ്ട്രപതി എന്നീ നിലകളിൽ പ്രശസ്തനായ കലാമിനെ പറ്റിയുള്ള ലഘുജീവചരിത്രക്കുറിപ്പായ പാഠഭാഗത്തേയ്ക്ക് കടക്കുന്നു.

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

⁕ **ഒറ്റപ്പദം:**

- കുടുംബപാരമ്പര്യം
- സുഖസൗകര്യങ്ങൾ
- പ്രഭാതപ്രാർത്ഥന
- പരമോന്നതബഹുമതി

⁕ **പദങ്ങൾ ക്രമപ്പെടുത്തിയെഴുതുക:**

- സമാനതകളില്ലാത്ത വ്യക്തിത്വത്തിന് ഉടമയാണ് അബ്ദുൾ കലാം.
- ഔദാര്യത്തിൽ അവർ കലാമിന്റെ പിതാവിനെപ്പോലും അതിശയിപ്പിച്ചിരുന്നു.

※ **ഉത്തരങ്ങൾ:**

പാഠപുസ്തകം നോക്കുക.

※ **ലഘുക്കുറിപ്പുകൾ തയ്യാറാക്കാം:**

താഴെ തന്നിരിക്കുന്ന സൂചനകൾ വികസിപ്പിക്കുക.

- ഇന്ത്യയെ ബ്രിട്ടീഷ് ഭരണത്തിൽനിന്നു മോചിപ്പിച്ചു.
- ഇന്ത്യയുടെ രാഷ്ട്രപിതാവ്.
- ഗുജറാത്തിലെ പോർബന്തർ ജന്മസ്ഥലം.
- 1869 ഒക്ടോബർ-2ന് ജനനം.
- മോഹൻദാസ് കരംചന്ദ് ഗാന്ധി
- പിതാവ് കരംചന്ദ്, മാതാവ് പുത്‌ലിഭായി
- 1887ൽ പഠനത്തിനായി ഇംഗ്ലണ്ടിലേക്കു പോയി.
- 1891ൽ ബാരിസ്റ്റർ പരീക്ഷ പാസ്സായി ഇന്ത്യയിലെത്തി.
- തുടർന്നു ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ നേതൃത്വ സ്ഥാനത്തെത്തി. അയിത്തം, വിദേശനയം എന്നിവയ്ക്കെതിരെ സമരം നടത്തി.
- 'എന്റെ സത്യാന്വേഷണപരീക്ഷണങ്ങൾ' എന്ന ആത്മകഥയെഴുതി.
- സത്യം, സ്നേഹം, അഹിംസ എന്നിവ ആയുധമാക്കിയ മനുഷ്യസ്നേഹി.
- 1947 ആഗസ്റ്റ് 15ന് ഇന്ത്യ സ്വതന്ത്രമായി.
- 1948 ജനുവരി 30ന് നാഥുറാം ഗോഡ്സെ എന്ന മതതീവ്രവാദി ഗാന്ധിജിയെ വെടിവെച്ചുകൊന്നു.
- ഇന്നും ലോകജനതയുടെ മനസ്സിൽ തെളിഞ്ഞു നിൽക്കുന്ന നക്ഷത്രമാണ് ഗാന്ധിജി.



※ **കത്തെഴുതാം:**

പ്രേഷകൻ　　　　　　　　　　വടയമ്പാടി
നന്ദ വി.　　　　　　　　　　18.10.2018
5 എ
പി.ബി.കെ.വി.
വടയമ്പാടി

സ്വീകർത്താവ്
മാനേജർ
ഡി.സി. ബുക്സ്
കോട്ടയം.

സർ,

ഇന്ത്യയുടെ മുൻരാഷ്ട്രപതിയായിരുന്ന എ.പി.ജെ. അബ്ദുൾ കലാമിന്റെ ആത്മകഥയായ 'അഗ്നിച്ചിറകുകൾ' എന്ന ഗ്രന്ഥം മുകളിൽ കൊടുത്തിരിക്കുന്ന വിലാസത്തിൽ അയച്ചുതരണമെന്നു അപേക്ഷിക്കുന്നു.

എന്ന്,
വിശ്വസ്തതയോടെ
(ഒപ്പ്)
നന്ദി

## അഭ്യാസപുസ്തകം

※ **ശരിയായ പദം:**

- ഔദാര്യം
- ബഹുമതി
- വൈകാരികം
- പണ്ഡിതൻ

※ **യോജിപ്പിക്കാം:**

| | | |
|---|---|---|
| 1. 1931 | അബ്ദുൾ കലാം | ജനിച്ചു |
| 2. 1999 | | ശാസ്ത്രോപദേഷ്ടാവ് |
| 3. 2002 | | രാഷ്ട്രപതി |
| 4. 2015 | | അന്തരിച്ചു |

※ **പൂരിപ്പിക്കുക:**

1. രാമേശ്വരത്ത് 2. ബഹദൂർ
3. ലളിതജീവിതം 4. അഗ്നിച്ചിറകുകൾ

## പാഠം 5 ഞാനും വരുന്നു

### പഠനലക്ഷ്യങ്ങൾ

※ ദേശഭക്തിഗാനം/ദേശാഭിമാന കവിത മനസ്സിലാക്കുന്നു.

※ രാജ്യസ്നേഹം വളരുന്നു.

※ കവിത ഈണവും താളവും കണ്ടെത്തുന്നു.

※ ആശയം മനസ്സിലാക്കുന്നു.

※ ചരിത്രം കണ്ടെത്താൻ ശ്രമിക്കുന്നു.

※ സ്വാതന്ത്ര്യസമരസേനാനികളെ സ്മരിക്കുന്നു.

※ നൂതനപദങ്ങൾ പഠിക്കുന്നു.

※ കവിപരിചയം - ചെമ്മനം ചാക്കോ.

### ആമുഖം

※ ഭാരതഭൂമിക്കുവേണ്ടി ജീവൻ ത്യജിക്കാൻ തയ്യാറായി വരുന്ന സൈനികരിലൂടെ രാജ്യസ്നേഹം, ദേശാഭിമാനം വളർത്താൻ സഹായിക്കുന്ന കവിതയാണ് 'ഞാനും വരുന്നു.' മലയാളത്തിലെ പ്രശസ്ത കവി ചെമ്മനം ചാക്കോ ആണ് ഈ കവിതയുടെ രചയിതാവ്.



### ആശയം

※ നാടിന്റെ രക്ഷയ്ക്കു യുദ്ധം ചെയ്യുവാൻ സ്വാതന്ത്ര്യം നഷ്ടപ്പെടാതിരിക്കാൻ, രാജ്യത്ത് അപകടം സംഭവിക്കാതിരിക്കാൻ ആയിരമായിരം ഗ്രാമങ്ങളിൽനിന്നും ആത്മാഭിമാനം തുടിക്കുന്ന ഹൃദയവുമായി, കത്തുന്ന ഹൃത്തുമായ് വരുന്നവരുടെയൊപ്പം ഞാനും വരുന്നു. എന്റെ നാടിന്റെ രക്ഷയ്ക്കായി പോരടിച്ചീടുവാൻ എന്നാണ് കവി പ്രസ്താവിക്കുന്നത്.

കൈതവത്തിന്റെ ശക്തിയുള്ള കോട്ടകൾ ഭേദിച്ച് കൗരവരെ തകർത്ത അർജുനനായി, ദേശാഭിമാനം ജ്വലിക്കും ഛത്രപതി ശിവാജിയായ് സ്വാതന്ത്ര്യത്തെ ഇല്ലാതാക്കുവാൻ ധീരമായ് പോർച്ചട്ടയണിഞ്ഞ നേതാജി സുഭാഷ് ചന്ദ്രബോസായി ഞാൻ ഓടിവരുന്നു. നാടിന്റെ രക്ഷയ്ക്കു പോരടിച്ചീടുവാൻ എന്ന് കവി വീണ്ടും പറയുന്നു.

ഓരോ തരി മണ്ണും കവിക്ക് ജീവന്റെ ജീവനാണ്. ആ മണ്ണുതന്നെ അസ്ഥിയും മജ്ജയും, രക്തവും, ശക്തിയും എന്നു പറയുന്ന കവി, ഇനി ചിന്തിച്ചു നിൽക്കുവാൻ നേരമില്ലെന്നും, ഇന്ത്യയെ കാക്കാൻ കുതിച്ചുപായട്ടെ എന്നും പറയുന്ന കവിയിൽ ഉത്തമമായ ദേശസ്നേഹം ദർശിക്കാൻ സാധിക്കും.

### പഠനാവതരണം

※ 'ഭാരതമെന്ന പേർ കേട്ടാൽ
അഭിമാനപൂരിതമാകണം അന്തഃരംഗം
കേരളമെന്നു കേട്ടാലോ തുടിക്കണം
ചോര നമുക്കു ഞരമ്പുകളിൽ.'

ഈ വരികൾ ചാർട്ടിലിടുകയും, കുട്ടികൾ ആശയം കണ്ടെത്തി പറയാൻ ശ്രമിക്കുകയും ചെയ്യട്ടെ. അധ്യാപികയുടെ സഹായത്തോടെ കണ്ടെത്തുന്ന ആശയങ്ങ

ളിൽ പ്രധാന സൂചികകങ്ങൾ അധ്യാപിക ബോർഡിൽ എഴുതണം.

*മാതൃക:* ഭാരതം

അഭിമാനപൂരിതം

ദേശസ്നേഹം/ദേശാഭിമാനം

ദേശാഭിമാനം തുളുമ്പുന്ന മറ്റൊരു കവിത പരിചയപ്പെടുത്താം എന്നു പറഞ്ഞ് അധ്യാപിക പാഠഭാഗത്തേയ്ക്ക് കടക്കുന്നു.

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

⁂ **അർത്ഥം:**

- ഹൃത്ത് = ഹൃദയം
- ആഹവം = യുദ്ധം
- വീഥി = വഴി, പാത
- ദുർഗം = കോട്ട
- കൈതവം = കള്ളം, ചതി
- കിരീടി = അർജുനൻ
- ആത്മാഭിമാനം = അവനവനിലുള്ള മതിപ്പ്

⁂ **സമാനപദങ്ങൾ/പര്യാപദങ്ങൾ:**

- രക്തം = ചോര, രുധിരം, നിണം
- തീ = അനലൻ, അഗ്നി, വഹ്നി
- ഭൂമി = ധരിത്രി, ക്ഷോണി, ധര
- അസ്ഥി = എല്ല്, കീകസം, കല്യം
- പ്രതിജ്ഞ = ശപനം, സത്യം ചെയ്യൽ, ശപഥം

⁂ **അർത്ഥവ്യത്യാസം:**

- കിരീടം = മകുടം
  കിരീടി = അർജുനൻ
- ഭൂമി = ധര
  ഭൂമിക = ആമുഖം
- ഹൃത്ത് = മനസ്സ്
  വിത്തം = ധനം
- മണ്ണ് = ഭൂമി
  വിണ്ണ് = ആകാശം



⁂ **ശരിയായ അക്ഷരം:**

- ആഹവധൈര്യം
- പ്രതിജ്ഞ
- ദുർഗ്ഗം
- ദേശാഭിമാനം

⁂ **പിരിച്ചെഴുതുക:**

- ഭൂമി + ഇൽ
- ആയിരം + ആയിരം
- പോര് + അടിക്കുക
- ദേശ + അഭിമാനം

⁂ **ഉത്തരങ്ങൾ:**

1. ആത്മാഭിമാനം തുടിക്കുന്ന ഹൃത്തുമായി, ആഹവധൈര്യം ജ്വലിക്കുന്ന ഹൃദയവുമായാണ് കവി നാടിന്റെ രക്ഷയ്ക്ക് പോരടിച്ചീടുവാൻ തയ്യാറെടുക്കുന്നത്.
2. കൗരവരെ തകർത്ത അർജുനൻ, ദേശാഭിമാനം ജ്വലിക്കും ശിവാജി, പാരതന്ത്ര്യത്തെ പറത്തിയ ധീരൻ, നേതാജി എന്നിവരാണ് കവിയിൽ ദേശാഭിമാനം നിറയ്ക്കുന്നത്.
3. ഭാരതഭൂമിയുടെ ഓരോ തരിയും ജീവന്റെ ഓരോ നുറുങ്ങാണ്. ഭാരതമണ്ണാണ് തന്റെ അസ്ഥിയും, മജ്ജയും, രക്തവും, ശക്തിയും എന്നു കവി പറയുന്നു.
4. കള്ളവും ചതിയുംകൊണ്ട് ശക്തിയുടെ കോട്ടയുണ്ടാക്കിയ കൗരവരെ, കോട്ട ഭേദിച്ച് അവരെ തകർത്ത അർജ്ജുനനെപോലെ ബ്രിട്ടീഷുകാരിൽ നിന്നും ഇന്ത്യയെ രക്ഷിക്കുവാൻ, പോരടിച്ചീടുവാൻ ഞാനും വരുന്നു എന്നാണ് കവി പ്രസ്താവിക്കുന്നത്.

⁂ **ആശയം കണ്ടെത്താം:**

'പാരതന്ത്ര്യം മാനികൾക്ക്
മൃതിയേക്കാൾ ഭയാനകം.'

തന്നിരിക്കുന്ന സൂചനകളുടെ സഹായത്തോടെ വിവരിക്കുക.

- അഭിമാനികളായവർക്ക് മരണത്തേക്കാൾ ഭയാനകം ആണ് പാരതന്ത്ര്യം.
- അന്യന്റെ നിയന്ത്രണത്തിൽ ജീവിക്കൽ/അസ്വതന്ത്രരായി കഴിയുക - അതിനേക്കാൾ മരണം വരിക്കാനാണ് അഭിമാനികൾ ആഗ്രഹിക്കുക.
- സ്വാതന്ത്ര്യത്തിനായി എന്തും ത്യജിക്കാം.
- സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം.
- ആത്മാഭിമാനികൾ സ്വാതന്ത്ര്യത്തെ ജീവനായി കരുതുന്നു.
- 'ബന്ധുര കാഞ്ചന കൂട്ടിലാണെങ്കിലും
  ബന്ധനം ബന്ധനം തന്നെ പാരിൽ.'

⁕ **ദേശാഭിമാനക്കവിതകൾ**:

- ജന്മകാരിണി ഭാരതം കർമ്മമേദിനി ഭാരതം
  നമ്മളാം ജനകോടികൾതൻ അമ്മയാകിയ ഭാരതം.

  പി. ഭാസ്കരൻ
- വന്ദേ മാതരം വന്ദേ മാതരം
  സുജലാം, സുഫലാം മലയജശീതളാം
  സസ്യശ്യാമളാം മാതരം വന്ദേ മാതരം
  ശുഭ്രജ്യോത്സ്നാ പുളകിതയാമിനി...

  ബങ്കിം ചന്ദ്രചാറ്റർജി
- ജയ ജയ ജയ ജന്മഭൂമി
  ജയ ജയ ജയ ഭാരതഭൂമി

  വയലാർ



## പാഠം 6 നാറാണത്തുഭ്രാന്തൻ

### പഠനലക്ഷ്യങ്ങൾ

⁕ ഐതിഹ്യം/ഐതിഹ്യകഥകൾ മനസ്സിലാക്കുന്നു.
⁕ പറയിപെറ്റ പന്തിരുകുലം അറിയുന്നു.
⁕ നൂതനപദങ്ങൾ/അർത്ഥം കണ്ടെത്തി പഠിക്കുന്നു.
⁕ കഥാരചന/വായന എന്നിവയിൽ താത്പര്യം ജനിക്കുന്നു.
⁕ ഗുണപാഠം കണ്ടെത്തുന്നു.
⁕ ഐതിഹ്യകഥകൾ ശേഖരിക്കുന്നു.

### ആമുഖം

⁕ പണ്ഡിതശ്രേഷ്ഠനായ വരരുചിയുടെ മക്കളായി പിറന്ന് പന്ത്രണ്ട് കുലങ്ങളിൽ വളരേണ്ടി വന്നവരാണ് പറയിപെറ്റ പന്തിരുകുലം എന്ന പേരിൽ അറിയപ്പെടുന്നത്. വേദശാസ്ത്രം, ജ്യോതിശാസ്ത്രം എന്നു തുടങ്ങി സകല ശാസ്ത്രങ്ങളിലും അഗാധ പാണ്ഡിത്യം നേടിയ ബ്രാഹ്മണനാണ് വരരുചി. വിക്രമാദിത്യ രാജാവിന്റെ സദസ്യരിലൊരാളായിരുന്നു. വരരുചിയിലൂടെ പന്തിരുകുലം ഉടലെടുക്കുന്നതിനെപ്പറ്റി പ്രതിപാദിക്കുന്നതാണ് പാഠഭാഗം. വരരുചിയുടെ പുത്രനാണ് നാറാണത്തുഭ്രാന്തൻ. നട്ടുച്ചയ്ക്ക് വലിയ പാറക്കല്ലുകൾ കുന്നിൽ മുകളിലേക്കുരുട്ടി അവ താഴേയ്ക്ക് തള്ളിയിട്ട് പൊട്ടിച്ചിരിക്കുന്ന നാറാണത്തുഭ്രാന്തനിൽനിന്നു നമുക്ക് പഠിക്കാൻ ധാരാളം ഗുണപാഠങ്ങളുണ്ട്. ഇവ വിശദമാക്കുന്ന പാഠഭാഗമാണ് നാറാണത്തുഭ്രാന്തൻ.

### കണ്ടെത്താം മനസ്സിലാക്കാം:

⁕ ഐതിഹ്യം

- ഇതിഹാസത്തിൽ നിന്ന് ഉണ്ടായത്.

- പഴമക്കാർ പറഞ്ഞ് പ്രചരിച്ച കഥ.
- ചരിത്രാംശം കുറവും കെട്ടുകഥകൾ കൂടുതലും ആയിരിക്കും ഐതിഹ്യത്തിൽ.

- **പന്തിരുകുലം (ശ്ലോകം)**

'മേഴത്തോളഗ്നിഹോത്രി
രജകനുളിയനൂർ-
ത്തച്ചനും പിന്നെ വള്ളോൻ
വായില്ലാക്കുന്നിലപ്പൻ
വടുതലമരുവും
നായർ കാരയ്ക്കൽ മാതാ
ചെമ്മേ കേളുപ്പുകൂറ്റൻ
പെരിയതിരുവര
കുത്തൊഴും പാണനാരും
നേരെ നാരായണഭ്രാന്തനു
മുട്ടനകവൂർ
ചാത്തനും പാക്കനാരും.'

- **വിധിയുടെ വിളയാട്ടം**

രാമായണത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം ഏതാണ് എന്ന വിക്രമാദിത്യരാജാവിന്റെ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ വരരുചിക്കു കഴിഞ്ഞില്ല. 41 ദിവസത്തിനകം ഉത്തരം നൽകിയില്ലെങ്കിൽ പണ്ഡിതസദസ്സിലേക്ക് വരേണ്ടതില്ലെന്ന് രാജാവ് കൽപ്പിച്ചു. വിഷാദത്തോടെ കൊട്ടാരം വിട്ടിറങ്ങിയ വരരുചി പല സ്ഥലങ്ങളിലും അലഞ്ഞു നടന്നു. എന്നിട്ടും ശരിയായ ഉത്തരം കണ്ടെത്താൻ കഴിഞ്ഞില്ല. 40-ാമത്തെ ദിവസം നിരാശനായ വരരുചി ഒരു കാട്ടിലെത്തി. ക്ഷീണിച്ചവശനായ അദ്ദേഹം 'വനദേവതമാർ എന്നെ രക്ഷിക്കട്ടെ' എന്നു പ്രാർത്ഥിച്ച് ഒരു മരച്ചുവട്ടിൽ കിടന്നു ഉറക്കമായി.



ആ മരത്തിൽ ചില വനദേവതമാർ പാർത്തിരുന്നു. അവർ പരസ്പരം സംസാരിച്ചു തുടങ്ങി. 'ഒരു പറയക്കുടിലിൽ പ്രസവം നടന്നിട്ടുണ്ട്. പെൺകുഞ്ഞാണ്. അവളെ വിവാഹം കഴിക്കുന്നത് മാംവിധി എന്നറിഞ്ഞുകൂടാത്ത ഇവിടെ കിടന്നുറങ്ങുന്ന ബ്രാഹ്മണനായിരിക്കും.' ഇതെല്ലാം കേട്ട വരരുചിക്ക് രാമായണത്തിലെ പ്രധാന ശ്ലോകം മനസ്സിലായി.

'രാമം ദശരഥം വിദ്ധി
മാം വിദ്ധി ജനകാത്മജാം
അയോദ്ധ്യാ മടവീം വിദ്ധി,
ഗച്ഛതാത യഥാസുഖം.'

രാജാവിന്റെ ചോദ്യത്തിനുത്തരം പറഞ്ഞ് പാരതോഷികങ്ങൾ വാങ്ങിയ വരരുചിക്ക് പറയിപ്പെണ്ണിനെ വിവാഹം കഴിക്കണമെന്ന സ്വന്തം വിധിയോർത്ത് വിഷമമായി. അതു മുടക്കാൻ ഒരു വഴി കണ്ടെത്തി. രാജാവിന്റെ മുന്നിലെത്തി പറഞ്ഞു. ഒരു പറയക്കുടിലിൽ ഒരു പെൺകുട്ടി ജനിച്ചിട്ടുണ്ട്. അതിന്റെ ജാതകഫലം നോക്കിയതിൽ ആ കുട്ടിക്ക് മൂന്നുവയസ്സാകുമ്പോഴേ കൊല്ലണം. വരരുചിയുടെ വാക്കുകേട്ടു രാജാവ് ബാലനിഗ്രഹം എങ്ങനെ നടത്തുമെന്ന് ഓർത്ത് ചിന്താക്കുഴപ്പത്തിലായി. അദ്ദേഹം ഒരുപായം കണ്ടെത്തി. വാഴപ്പിണ്ടി കൊണ്ട് ചെറിയ ഒരു ചങ്ങാടമുണ്ടാക്കി. കുട്ടിയുടെ തലയിൽ ഒരു ചെറിയ പന്തം കുത്തിനിർത്തി, അതിൽ കിടത്തി നദിയിലൊഴുക്കുക. രാജാവിന്റെ കല്പന പ്രകാരം ഭടന്മാർ അങ്ങനെ ചെയ്തു. വരരുചിക്ക് ആശ്വാസമായി.

വർഷങ്ങൾക്കുശേഷം ഒരിക്കൽ ഒരു യാത്രക്കിടെ വരരുചി ഒരു ബ്രാഹ്മണഗൃഹത്തിലെത്തി. ബ്രാഹ്മണൻ അദ്ദേഹത്തെ ഊണു കഴിക്കാൻ ക്ഷണിച്ചു. ബ്രാഹ്മണന്റെ ബുദ്ധിശക്തി പരീക്ഷിക്കാനായി വരരുചി പറഞ്ഞു. 'ഞാൻ ഊണു കഴിക്കണമെങ്കിൽ ചില വ്യവസ്ഥകളുണ്ട്. എനിക്ക് കുളി

കഴിഞ്ഞ് വീരാളിപ്പട്ട് വേണം. ഞാൻ ഉണ്ണും മുൻപ് നൂറു പേർക്ക് ഊണു കൊടുക്കണം. ഊണിനു 108 കൂട്ടം കറികൾ വേണം. ഊണു കഴിഞ്ഞാൽ മൂന്നു പേരെ തിന്നുകയും ശേഷം 4 പേർ ചുമക്കുകയും വേണം.'

വരരുചിയുടെ വാക്കുകൾ കേട്ട ബ്രാഹ്മണൻ പരിശ്രമിച്ചു. അദ്ദേഹത്തിന്റെ സുന്ദരിയായ മകൾ പറഞ്ഞു. 'പേടിക്കേണ്ട. വരരുചി ആവശ്യപ്പെട്ടതൊക്കെ സാധിച്ചു കൊടുക്കാം.'

- ✳ വീരാളിപ്പട്ട്: അദ്ദേഹത്തിനു ധരിക്കാനുള്ള വസ്ത്രം എന്ന അർത്ഥത്തിലാണ്.
- ✳ 100 പേർക്ക് ഭക്ഷണം കൊടുക്കണമെന്നു പറഞ്ഞതിന്റെ അർത്ഥം ആദിത്യദേവം യാഗം കഴിക്കണം. (യാഗം 100 ദേവൻമാരും പ്രീതിപ്പെടുത്തുന്നു)
- ✳ 108 കൂട്ടം കറികൾ: ഇഞ്ചിക്കറി 108 കറികൾക്കു സമമാണ്.
- ✳ മൂന്നുപേരെ തിന്നുക: മൂന്നും കൂട്ടിയുള്ള മുറുക്കിനെയാണ് സൂചിപ്പിക്കുന്നത്.
- ✳ നാലുപേർ ചുമക്കണം: ഊണു കഴിഞ്ഞ് കട്ടിലിൽ കിടക്കണം.

ബ്രാഹ്മണപുത്രിയുടെ ബുദ്ധി സാമർത്ഥ്യം മനസ്സിലാക്കിയ വരരുചി അവളെ വിവാഹം കഴിച്ചു. അങ്ങനെ വിധി സത്യമായി തീർന്നു. ഒരിക്കൽ ഭാര്യയുടെ തലയിലെ പാട് എന്താണ് എന്ന് അന്വേഷിച്ച വരരുചിക്ക് പന്തം തറച്ച് ചങ്ങാടത്തിൽ ഒഴുക്കിവിട്ട പറയപ്പെൺകുട്ടിയാണ് തന്റെ ഭാര്യ എന്നു മനസ്സിലായി. ഇതറിഞ്ഞ വരരുചി ഞെട്ടിപ്പോയി.

### പഠനാവതരണം

- ✳ രാമായണത്തിലെ പ്രധാന ശ്ലോകം അന്വേഷിച്ചലഞ്ഞ പണ്ഡിതശ്രേഷ്ഠനാര്?

  വിക്രമാദിത്യസദസ്സിലെ ഒരാൾ ആണ്. പുരാണവും ഐതിഹ്യവും ചരിത്രവും കെട്ടുപിണഞ്ഞു കിടക്കുന്ന



ഈ മനുഷ്യനിൽനിന്നാണ് 12 കുലം ഉണ്ടായത്. ഇങ്ങനെ സൂചനകൾ നൽകി വരരുചിയിലേക്കും പന്തിരുകുലത്തിലേക്കും കടക്കാം.

- ✳ നാറാണത്തുഭ്രാന്തൻ കല്ലുയർത്തി മുകളിലേക്ക് പോകുന്ന ചിത്രത്തെ ആസ്പദമാക്കി കണ്ടെത്തുന്ന വിവരങ്ങളിൽനിന്നും പാഠഭാഗത്തേക്ക് കടക്കാം.
- ✳ ആമുഖത്തിനൊപ്പം ചേർത്തിരിക്കുന്ന വരരുചി പറയിപ്പെൺകുട്ടിയെ വിവാഹം കഴിക്കേണ്ടി വന്നതിന്റെ കഥ പറഞ്ഞുകൊണ്ടും പാഠഭാഗത്തേയ്ക്കു കടന്നുചെല്ലാം.

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

✳ **അർത്ഥം**:

- വര്യൻ = ശ്രേഷ്ഠൻ
- വൈചിത്ര്യം = വൈവധ്യം, അദ്ഭുതം
- ദിനം = ദിവസം
- ഇര = ഭക്ഷണം, ആഹാരം
- പരിപാലിക്കുക = സംരക്ഷിക്കുക
- അഭ്യുന്നതി = ഉയർച്ച, ഐശ്വര്യം

✳ **ഒറ്റപ്പദം**:

- പ്രയാസം കൂടാതെ : നിഷ്പ്രയാസം
- രാജാവിന്റെ സദസ്സ് : രാജസദസ്സ്
- പാറയുടെ കഷണം : പാറക്കഷണം

✳ **വിഗ്രഹിക്കുക**:

- ഉന്നതസ്ഥാനം : ഉന്നതമായ സ്ഥാനം
- കഠിനപ്രയത്നം : കഠിനമായ പ്രയത്നം

• മലയടിവാരം : മലയുടെ അടിവാരം

✳ **ശരിയേത്?**

- അഭ്യുന്നതി
- ഗുണപാഠം
- അസാധാരണത്വം
- കഠിനം

✳ **കഥകൾ കണ്ടെത്താം:**

- ആമുഖം നോക്കുക.
- നാറാണത്തുഭ്രാന്തനുമായി ബന്ധപ്പെട്ട കഥ.

വരിവരിയായി പോകുന്ന ഉറുമ്പുകളെ എണ്ണുക, നാറാണത്തുഭ്രാന്തന്റെ വിനോദമായിരുന്നു. ഒരു ദിവസം ഭ്രാന്തൻ ഉറുമ്പുകളെ എണ്ണിക്കൊണ്ടിരിക്കുമ്പോൾ ഒരു പ്രമാണിയും ചങ്ങാതിയും അതുവഴി വന്നു. 'നാറാണത്തേ, എന്താ പരിപാടി?' അതിന് ഭ്രാന്തൻ ഒരു മറുചോദ്യം ചോദിച്ചു. 'കണ്ടാലറിയാത്തത് കേട്ടാലറിയുമോ?' 'പറഞ്ഞാലറിയാം പറയൂ' എന്ന മറുപടി കേട്ട നാറാണത്തുഭ്രാന്തൻ പറഞ്ഞു.

'പതിനായിരം പോയി. പതിനായിരം പോകാനുണ്ട്.'

പ്രമാണിക്ക് ഒന്നും മനസ്സിലായില്ല.

'നടന്നോളൂ. എല്ലാം വഴിയേ മനസ്സിലാകും.' ഭ്രാന്തൻ പറഞ്ഞു.

പെട്ടെന്നു പ്രമാണിക്ക് കലശലായ വയറുവേദന തുടങ്ങി. ചങ്ങാതി പെട്ടെന്ന് അയാളെ വൈദ്യന്റെ അടുത്തെത്തിച്ചു. ഇതു കണ്ടുനിന്ന ഒരാൾ നാറാണത്തു പറഞ്ഞതിന്റെ അർത്ഥം അദ്ദേഹത്തിനോടു തന്നെ അന്വേഷിച്ചു.

'വന്നയാൾ വയറുവേദനക്കാരനാണ്. ചികിത്സയ്ക്കായി അയാൾ പതിനായിരം ചെലവാക്കി. പതിനായിരം കൂടി ഇനി ചെലവാക്കുമ്പോൾ അയാളുടെ രോഗം മാറും.'

നാറാണത്തിന്റെ അറിവ് എത്ര ശ്രേഷ്ഠമാണ് എന്ന് നമുക്ക് മനസ്സിലാക്കുന്നു.



✳ **കവിത/ഈണം കണ്ടെത്താം. ആശയം വിശദീകരിക്കാം ശീർഷകം നൽകാം:**

കുട്ടികൾ സ്വയം വായിച്ച് മനസ്സിലാക്കാൻ ശ്രമിക്കട്ടെ.

✳ **ഉത്തരങ്ങൾ:**

1. കുഞ്ഞിന് വായയുണ്ടെങ്കിൽ ഈശ്വരൻ ഇരയും കല്പിച്ചിട്ടുണ്ടാവും എന്നു ന്യായം പറഞ്ഞാണ് വരരുചി മക്കളെ പരിപാലിക്കാതിരുന്നത്.
2. പന്ത്രാണ്ടാമത്തെ പുത്രന് വായില്ലായിരുന്നു. വായില്ലാക്കുന്നിലപ്പൻ എന്നറിയപ്പെട്ടു.
3. മലയടിവാരത്തിലെ വലിയ പാറക്കഷണങ്ങൾ ഉരുട്ടി മലയുടെ ഉന്നതാഗ്രത്തിൽ കൊണ്ടുവന്നശേഷം താഴേക്ക് ഉരുട്ടിവിട്ട് ആനന്ദിക്കുക എന്നതാണ് നാറാണത്തിന്റെ ദിനചര്യകളിലൊന്ന്.
4. കഠിനപ്രയത്നം ചെയ്താൽ മാത്രമേ ഏതൊരാൾക്കും അഭ്യുന്നതിയിലെത്തുവാൻ കഴിയൂ. എന്ന ഗുണപാഠം ആണ് നാറാണത്തുഭ്രാന്തന്റെ ചെയ്തികളുടെ പിന്നിൽ ഒളിഞ്ഞുകിടക്കുന്നത്.

## അഭ്യാസപുസ്തകം

✳ **തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക:**

- അന്ധാളിച്ചു
- പണ്ഢിതൻ
- ദിനചര്യ
- ഗുണപാഠം

# പാഠം 7 **മത്സരിക്കുന്നതെന്തിനു നാം വൃഥാ**

### പഠനലക്ഷ്യങ്ങൾ

✳ താളം/ഈണം കണ്ടെത്തി കവിത ചൊല്ലുന്നു.

✳ ആശയം മനസ്സിലാക്കുന്നു.

* ജ്ഞാനപ്പാന എന്ന കൃതിയെപ്പറ്റി അറിയുന്നു.
* പൂന്താനം കവിയെപ്പറ്റി പഠിയ്ക്കുന്നു.
* നശ്വരമായ കാര്യങ്ങളെപ്പറ്റി ചിന്തിക്കുന്നതും അതിനുവേണ്ടി മത്സരിക്കുന്നതും നിരർത്ഥകമാണെന്ന് മനസ്സിലാക്കുന്നു.
* നൂതനപദങ്ങളും അർത്ഥവും അറിയുന്നു.
* പുതിയ കവിത രചിക്കുന്നതിനു സഹായിക്കുന്നു.

**ആമുഖം**

* മനുഷ്യജീവിതത്തിന്റെ നശ്വരത, അനിശ്ചിതത്വം എന്നിവ മനസ്സിലാക്കി തരുന്ന കവിതയാണ് ജ്ഞാനപ്പാന. നശ്വരമായ കാര്യങ്ങൾക്കുവേണ്ടി മത്സരിക്കുന്നത് വെറുതെയാണ് എന്നു നൽകുന്ന പാഠഭാഗമാണ് ജ്ഞാനപ്പാനയിൽ നിന്നെടുത്ത 'മത്സരിക്കുന്നതെന്തിനു നാം വൃഥാ.'

**പഠനാവതരണം**

കൂടിയല്ലാ പിറക്കുന്ന നേരത്തും
കൂടിയല്ലാ മരിക്കുന്ന നേരത്തും
മദ്ധ്യേയിങ്ങനെ കാണുന്ന നേരത്തു
മത്സരിക്കുന്നതെന്തിനു നാം വൃഥാ.

* മുകളിൽ കൊടുത്തിരിക്കുന്ന നാലുവരി കവിത അധ്യാപിക കുട്ടികൾക്കു പരിചയപ്പെടുത്തി കൊടുക്കണം.
* ബോർഡ്/ചാർട്ട് ഉപയോഗിക്കാം.
* കുട്ടികൾ വരികളുടെ ആശയം കണ്ടെത്തി പറയട്ടെ. അവർ കണ്ടെത്തിയ ആശയത്തിൽനിന്നും അധ്യാപികയ്ക്ക് പാഠഭാഗത്തേയ്ക്ക് കടക്കാവുന്നതാണ്.
* ഒന്നിച്ചല്ല നാം പിറന്നത്... മരിക്കുന്നതും ഒന്നിച്ചല്ല.



ജനനത്തിനും മരണത്തിനും മദ്ധ്യേയാണ് നാം ഒരുമിച്ചു കഴിയുന്നത്. ഇതിനിടയിൽ നാം മത്സരിക്കുന്നത് എന്തിനാണ്?

പരസ്പരം സഹായിച്ച് ഐക്യത്തോടെ ഒരുമയോടെ കഴിയണം എന്നു പാടിയ ജീവിതത്തിന്റെ നശ്വരതയെപറ്റി ഉദ്ബോധിപ്പിച്ച കവി പൂന്താനത്തിന്റെ കൃതിയാണ് ജ്ഞാനപ്പാന. ജ്ഞാനപ്പാനയിലെ വരികളാണ് നമ്മൾ പഠിക്കുവാൻ പോകുന്നത് എന്നു പറഞ്ഞ് അധ്യാപികയ്ക്ക് പാഠഭാഗം കുട്ടികളെ പരിചയപ്പെടുത്താം.

**ആശയം**

* ഇന്നലെവരെയുള്ള കാര്യങ്ങളെപ്പറ്റി ഒന്നും അറിയില്ല. ഇനി നാളെ നടക്കാൻ പോകുന്നതിനെക്കുറിച്ചും നമുക്ക് ഒരറിവും ഇല്ല. ഇന്നു കാണുന്ന നമ്മുടെ ഈ ശരീരം എന്നു നശിക്കുമെന്നും നമുക്കറിയില്ല. മനുഷ്യന്റെ അറിവിന്റെ പരിമിതിയെപറ്റിയാണ് കവി സൂചിപ്പിക്കുന്നത്. മനുഷ്യനെ സംബന്ധിക്കുന്ന കാര്യങ്ങൾപോലും അവന്റെ അറിവിനും അപ്പുറത്താണ്.
* ഇന്നു കാണുന്ന ജനങ്ങളെ നാളെ കാണുന്നില്ല. കൺമുൻപിൽ നിൽക്കുന്നവരെയെല്ലാം ഈശ്വരൻ പെട്ടെന്ന് കാണാതാക്കുന്നു. രണ്ടുനാലുദിനം കൊണ്ട് ചിലരെ രാജതുല്യരാക്കി മാറ്റുന്നു. രാജാക്കൻമാരെ യാചകരാക്കി മാറ്റുന്നു.
* എല്ലാം ഈശ്വരനിശ്ചയം പോലെയാണ്. ഒന്നിന്റെയും നിയന്ത്രണം മനുഷ്യരുടെ കൈയിലല്ല. ആയുസും, ഐശ്വര്യവും ഒന്നും സ്ഥിരമല്ല. ഇതെല്ലാം ചിലർ അനുഭവങ്ങളിലൂടെ മനസ്സിലാക്കുന്നു. ചിലരാകട്ടെ എത്ര കണ്ടാലും അനുഭവിച്ചാലും ഒന്നും തിരിച്ചറിയാത്തവർ, ലോകസത്യം മനസ്സിലാക്കാത്തവർ.

※ ഈ കാണുന്ന ലോകം നശ്വരമാണ്, സത്യമല്ല എന്നത് ചില തത്ത്വജ്ഞാനികൾ മാത്രമാണ് മനസ്സിലാക്കുന്നത്. ഇങ്ങനെ മനുഷ്യജാതികൾ, മനസ്സുകൾ വ്യത്യസ്തമാണ് എന്ന് കവി ചൂണ്ടിക്കാണിക്കുന്നു.

※ ഒന്നിച്ചല്ല, നാം പിറന്നത്. മരിക്കുന്നതും ഒന്നിച്ചല്ല. ജനനവും മരണവും ഇതിനിടയിൽ ഉള്ള കാലം/മദ്ധ്യേ മാത്രമാണ് ഒരുമിച്ച് കഴിയുന്നത്. ഇതിനിടയിൽ നാം എന്തിനാണ് മത്സരിക്കുന്നത്?

പരസ്പരം സഹായിച്ച് ഐക്യത്തോടെ കഴിയണം എന്നും കവി അർത്ഥമാക്കുന്നു.

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

※ **പകരം പദം**:

- ഉന്നതപദവിയിലാക്കുക = തണ്ടിലേറ്റി നടത്തുക
- യാചകനാക്കുക = തോളിൽ മാറാപ്പുകേറ്റുക
- മനസ്സിലാകുകയില്ല = തിരിയാ
- മദ്ധ്യത്തിൽ = മദ്ധ്യേ

※ **പര്യായപദങ്ങൾ**:

- രാജാവ് : മന്നൻ, അരചൻ, ഭൂപൻ
- മനുഷ്യൻ : മനുജൻ, മാനവൻ, മർത്ത്യൻ
- ദിനം : വാസരം, ദിവസം, അഹസ്സ്
- മാളിക : പ്രസാദം, സൗധം, ഹർമ്മ്യം
- ശരീരം : ദേഹം, കായം, കളേബരം

※ **നാനാർത്ഥം കണ്ടെത്തുക**:

- തണ്ട് : പല്ലക്ക്, തുഴ, അഹങ്കാരം
- തടി : വൃക്ഷത്തിന്റെ തടി, ശരീരം



- കായം : ശരീരം, ഒരു വൃക്ഷത്തിന്റെ കറ
- വെള്ളി : ഒരു ലോഹം, ഒരു ദിവസം

※ **ഉത്തരങ്ങൾ**:

1. ഇന്നലെവരെ നടന്നതിനെപ്പറ്റിയോ, ഇനി നടക്കാനിരിക്കുന്നതിനെപ്പറ്റിയോ ഒന്നും അറിയില്ല. യാചകൻ രണ്ടു നാലുദിനം കൊണ്ട് സമ്പന്നനാകുകയും രാജാവ് പെട്ടെന്ന് യാചകനാകുന്നു. ഇതിൽനിന്ന് ജീവിതത്തിന്റെ നശ്വരതയെപറ്റി കവി പറയുന്നത് മനസ്സിലാക്കാൻ കഴിയുന്നു.
2. ജീവിതം ക്ഷണികമാണ്. നശ്വരമായ ജീവിതത്തിൽ നാം ഒന്നിനോടും മത്സരിക്കരുത്. മത്സരം മനുഷ്യജന്മത്തെ വ്യർത്ഥമാക്കുന്നു.
3. തോളിൽ മാറാപ്പു കേറ്റുക എന്ന പ്രയോഗത്തിന് യാചകനാക്കുക എന്ന അർത്ഥമാണുള്ളത്.
4. തണ്ട് എന്നാൽ പല്ലക്ക് എന്നാണർത്ഥം. രാജാവിനെപ്പോലുള്ള ഉന്നതരാണ് പല്ലക്കിൽ സഞ്ചരിക്കുക. ഉന്നത പദവിയിൽ എത്തിക്കുക എന്നതാണ് തണ്ടിലേറ്റി നടത്തുക എന്ന പ്രയോഗം കൊണ്ട് കവി ഉദ്ദേശിക്കുന്നത്.

※ **ആശയം കണ്ടെത്തുക/വിവരണം കണ്ടെത്തുക**:

ആമുഖം/ആശയം നോക്കുക.

※ **വരികളുടെ പ്രത്യേകത കണ്ടെത്തുക**:

- ദ്വിതീയാക്ഷരപ്രാസം

  ഓരോ വരിയിലെയും രണ്ടാമത്തെ അക്ഷരം ഒരു പോലെയാക്കി കവിത രചിക്കുന്ന രീതിയെ ദ്വിതീയാക്ഷരപ്രാസം എന്നു പറയുന്നു.

## അഭ്യാസപുസ്തകം

※ **അർത്ഥം:**

- വിനാശം = നാശം
- തണ്ട് = പല്ലക്ക്
- മന്നൻ = രാജാവ്
- മനുജാതി = മനുഷ്യൻ
- വൃഥാ = വെറുതെ
- തടി = ശരീരം

※ **വരികൾ കണ്ടെത്തുക:**

- രണ്ടുനാലുദിനം കൊണ്ടൊരുത്തനെ
  തണ്ടിലേറ്റി നടത്തുന്നതും ഭവാൻ.
  മാളികമുകളേറിയ മന്നന്റെ
  തോളിൽ മാറാപ്പു കേറ്റുന്നതും ഭവാൻ.
- മാളിക മുകളേറിയ മന്നന്റെ
  തോളിൽ മാറാപ്പു കേറ്റുന്നതും ഭവാൻ.

## പാഠം 8 ഒരു വടക്കൻ പാട്ട്

### പഠനലക്ഷ്യങ്ങൾ

※ വടക്കൻ പാട്ടുകൾ അറിയുന്നു/കഥാപാത്രങ്ങൾ അറിയുന്നു.

※ നാടൻപാട്ട് മനസ്സിലാക്കുന്നു.

※ ശൈലി കണ്ടെത്തി പഠിക്കുന്നു.

※ ഈണവും താളവും കണ്ടെത്തി ചൊല്ലുന്നു.

※ ആശയം മനസ്സിലാക്കുന്നു.

※ ലഘുക്കുറിപ്പ് തയ്യാറാക്കുന്നു.

※ കവിത/കഥ/കഥാപ്രസംഗം/കുറിപ്പ് എന്ന രീതിയിലേക്ക് മാറ്റുന്നു.



### ആമുഖം

※ ഉത്തരകേരളത്തിലെ പ്രാചീന വീരഗാനങ്ങളാണ് വടക്കൻപാട്ടുകൾ. ഗ്രാമീണ സംഭാഷണരീതിയിലാണ് ഇത്തരം പട്ടുകൾ. തച്ചോളി, മാണിക്കോത്ത്, പുത്തൂരം തുടങ്ങിയ തറവാടുകളിലെ വീരൻമാരുടെയും വീരംഗനമാരുടെയും കഥകളാണ് വടക്കൻ പാട്ടുകൾ.

കളരിയഭ്യാസവും മെയ്യഭ്യാസവും ശീലിച്ച ഉണ്ണിയാർച്ച വടക്കൻപാട്ടിലെ ധീരവനിതയാണ്. മലയാളികൾക്ക് ഒരു ശൈലി കൂടിയാണ് ആർച്ച. ധീരത കാണിക്കുന്ന സ്ത്രീകളെ പറയുന്നത് ആർച്ചയെന്നാണ്.

നാടൻ പാട്ടുകൾ പാടി/പറഞ്ഞു പ്രചരിച്ചവയാണ് ഇവയ്ക്ക് പ്രത്യേകിച്ച് ഒരു രചയിതാവ് ഉണ്ടാവുകയില്ല.

### പഠനാവതരണം

※ പാഠഭാഗം കുട്ടികളോടു മൗനമായി വായിക്കാൻ ആവശ്യപ്പെടാം. തുടർന്ന് അധ്യാപിക 4 ചോദ്യങ്ങൾ ബോർഡിലെഴുതണം.

- നാടോടിപാട്ടിന്റെ വിഷയങ്ങൾ എന്തെല്ലാം?
- വടക്കൻപാട്ടുകളെപറ്റി എന്താണ് മനസ്സിലായത്?
- വടക്കൻപാട്ടുകളിലെ വീരപുരുഷൻമാർ ആരെല്ലാം?
- വടക്കൻപാട്ടിലെ ധീരവനിത ആര്?

※ കുട്ടികൾ ഉത്തരം കണ്ടെത്തട്ടെ. കണ്ടെത്തിയ ഉത്തരങ്ങൾ ചർച്ച ചെയ്യുക. തുടർന്നു വടക്കൻ പാട്ടിലെ ധീരവനിത ഉണ്ണിയാർച്ചയുടെ ഒരുക്കം, വർണ്ണന പ്രതിപാദിക്കുന്ന ഒരു വടക്കൻപാട്ട് അധ്യാപികയ്ക്ക് കുട്ടികളുടെ മുൻപിൽ പരിചയപ്പെടുത്താം.

### ആശയം മനസ്സിലാക്കാം:

- ❊ ചന്ദനമുരസിക്കുറി വരച്ചു: ചന്ദനമുട്ടി കല്ലിൽ ഉരച്ച് കിട്ടുന്ന മൂന്ന് ചന്ദനമുപയോഗിച്ച് കുറി/പൊട്ട് തൊടുന്നത്.
- ❊ പീലിത്തിരുമുടി: മയിൽപ്പീലി പോലെ മനോഹരവും മിനുസമാർന്നതുമായ തലമുടി.
- ❊ കസ്തൂരി: പ്രത്യേകതരം മാനിൽ നിന്നെടുക്കുന്ന സുഗന്ധാവസ്ഥ.
- ❊ രാമായണം കൊത്തിയ വള: രാമായണ കഥാചിത്രങ്ങൾ കൊത്തിയ വള.
- ❊ ഏഴു കടലോടിവന്ന പട്ട്: ഏഴു കടലുകൾക്കപ്പുറത്തുനിന്നു കൊണ്ടുവന്ന പട്ട്.
- ❊ ഉറുമി: ഒരു ആയുധം.
- ❊ പൊൻമുടി: പൊന്നുകൊണ്ടുണ്ടാക്കിയ കിരീടം.

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

❊ **പകരംപദം:**

- പാട്ട് = ഗാഥ
- ദർപ്പണം = കണ്ണാടി
- പൊട്ട് = തിലകം
- കൺമഷി = അഞ്ജനം
- ശരീരം = മെയ്യ്

❊ **ദ്വിത്വസന്ധി:**

രണ്ടു വർണ്ണങ്ങൾ ചേരുമ്പോൾ ഒരു വർണ്ണം ഇരട്ടിക്കുന്നത് ദ്വിത്വസന്ധി.

ഉദാ: വെള്ളത്താമര: വെള്ള + താമര ⟶ ദ്വിത്വസന്ധി

- പീലി + തിരുമുടി ⟶ ദ്വിത്വസന്ധി
- ചന്ദന + കല്ല് ⟶ ദ്വിത്വസന്ധി
- ആഭരണ + പെട്ടി ⟶ ദ്വിത്വസന്ധി
- പൂ + കുല ⟶ ദ്വിത്വസന്ധി



❊ **ഒറ്റപ്പദം/ഒറ്റവാക്ക്:**

- മെയ്യാഭരണം
- പൊൻമുടി
- കസ്തൂരികളഭങ്ങൾ
- തോട

❊ **ഒറ്റവാക്കിൽ ഉത്തരം കണ്ടെത്തുക:**

1. രാമായണകഥാചിത്രങ്ങൾ കൊത്തിവച്ചതാണ് ഉണ്ണിയാർച്ചയുടെ വളകൾ.
2. ഉണ്ണിയാർച്ചയ്ക്ക് ഉടുക്കാനുള്ള പച്ചോലപ്പട്ടാണ് ഏഴു കടലുകൾക്ക് അപ്പുറത്തുനിന്നു കൊണ്ടുവന്നത്.
3. പുത്തൂരം വീട്ടിലെ ആരോമൽച്ചേകവരുടെ സഹോദരിയാണ് ഉണ്ണിയാർച്ച.
4. അല്ലിമലർക്കാവിലെ കൂത്തുകാണാനാണ് ഉണ്ണിയാർച്ച പോയത്.
5. ഉറുമിയാണ് ഉണ്ണിയാർച്ചയുടെ ആയുധം.

❊ **ഉത്തരങ്ങൾ:**

1. ദേവതാപൂജ, വീരപുരുഷാരാധന, വിനോദം, ശാസ്ത്രം, കുലവൃത്തി തുടങ്ങിയവയെല്ലാം നാടോടിപ്പാട്ടുകളുടെ വിഷയങ്ങളാണ്.
2. ചന്ദനക്കുറി വരച്ചു, കണ്ണാടി നോക്കി തിലകം തൊട്ടു പീലിത്തിരുമുടി കെട്ടിവച്ചു. അഞ്ജനം കൊണ്ട് കണ്ണെഴുതി. കുങ്കുമം കൊണ്ട് പൊട്ടുകുത്തി. കസ്തൂരികളഭങ്ങൾ പൂശി. പച്ചോലപ്പട്ടുടുത്തു. പൊൻതോടയിട്ടു. പൊന്നരഞ്ഞാൾ അരയിൽ ചുറ്റി. ഏഴുചുറ്റുള്ള പൊൻമാലയും മുത്തുപതിച്ചുള്ള മാലയും അണിഞ്ഞു. രാമായണം കൊത്തിയ വള അണിഞ്ഞു. പൊൻകിരീടം ചൂടി. പൊൻമോതിരം അണിഞ്ഞു.
3. ഏഴു കടലുകൾക്കപ്പുറത്തുനിന്നു കൊണ്ടുവന്ന പച്ചോലപ്പട്ട് ആണ് ഉണ്ണിയാർച്ചയുടെ പട്ട്.